ജൂൺ
2021
ലക്കം 6

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ 65-ാം ഓർമ്മപ്പെരുന്നാൾ

www.malankaralibrary.com

# എഡിറ്റോറിയൽ



പരിശുദ്ധാത്മ നൽവരങ്ങളാൽ നിറഞ്ഞ് പുതിയൊരു പെന്തക്കുസ്തായുടെ അനുഭവത്തിലൂടെ സഭ ഭൂമിയിലുള്ള അതിന്റെ പ്രയാണം തുടരുന്നതായ ഈ കാലയളവിൽ കർത്താവിൽ പുതിയ സൃഷ്ടിയാകുവാൻ ദൈവാത്മാവ് നമ്മെ അനുദിനം പ്രചോദിപ്പിക്കുന്നത് തിരിച്ചറിഞ്ഞുകൊണ്ട് വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നതുപോലെ 'തീക്ഷണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവാൻ' (റോമാ 12:11) യുവജനങ്ങളെന്ന നിലയിൽ നമുക്ക് പരിശ്രമിക്കാം. ജൂൺ മാസം നമ്മുടെ സഭയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒട്ടനവധി കാര്യങ്ങൾ നാം അനുസ്മരിക്കുന്നു. അതിൽ പ്രധാനമായുമുള്ളത് സഭയുടെ അടിസ്ഥാനമായ ശ്ലീഹന്മാരെ പ്രത്യേകം സ്മരിക്കുന്ന ശ്ലീഹാ നോമ്പ് ഈ കാലയളവിൽ നാം അനുഷ്ഠിക്കുന്നു എന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി 1932 ജൂൺ 11 ന് സ്ഥാപിതമായിട്ട് 2021 ൽ അതിന്റെ നവതിയുടെ ഒരുക്കത്തിലേക്ക് നാം പ്രവേശിക്കുന്ന സമയമാണല്ലോ. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ സഹശിൽപിയും ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യ സഭാത്മക ശുശ്രൂഷകളിൽ വിശ്വസ്തനായ സഹകാരിയുമായിരുന്ന തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അറുപത്തിയഞ്ചാമത് ഓർമ്മദിനം ജൂൺ 27 ന് നാം ആചരിക്കുന്നു. തിരുവല്ല അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ അദ്ധ്യക്ഷനായിരുന്നുകൊണ്ട് മലങ്കര സഭയ്ക്കും തിരുവല്ലാ അതിഭദ്രാസനത്തിനും ശ്രേഷ്ഠമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ രണ്ടാം ഓർമ്മത്തിരുനാളും ജൂൺ 4 ന് സഭ ആചരിച്ചു. അതോടൊപ്പം തന്നെ പുനരൈക്യ പിതാക്കൻമാരോട് ചേർന്നുനിന്നുകൊണ്ട് സഭയുടെ ആദ്യകാലങ്ങളിൽ സുശക്തമായ നേതൃത്വം നൽകിയ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാച്ചന്റെ ഓർമ്മയും ഇതേ കാലയളവിൽ നാം ആചരിക്കുകയാണ്.

ഈ അനുസ്മരണങ്ങളെല്ലാം സഭയുടെ ഈ തലമുറയിലെ ശുശ്രൂഷകരെന്ന നിലയിൽ നമ്മെ കൂടുതൽ സഭാത്മകജീവിതത്തിലേക്ക് നയിക്കുന്നതായി തീരട്ടെയെന്ന് ആശംസിക്കുന്നു. ഹെബ്രായർക്കുള്ള ലേഖനം നമ്മെ ഓർമ്മപ്പെടുത്തുന്നതുപോലെ നമ്മോട് ദൈവവചനം പ്രസംഗിച്ച ഈ പുണ്യപിതാക്കൻമാരെ ഓർക്കുകയും അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിച്ച് അവരെപ്പോലെ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടമുള്ളവരായി നമ്മുടെ ശുശ്രൂഷകൾ, സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായിട്ട് നമുക്ക് സമർപ്പിക്കാം.

**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*

*ചീഫ് എഡിറ്റർ*

www.malankaralibrary.com



ജൂൺ മാസം എന്നും സാമൂഹിക പ്രതിബദ്ധതയുള്ള അനേകം പ്രവർത്തനങ്ങളെ പ്പറ്റി ഓർമ്മിപ്പിക്കുന്ന ഒരു സമയമാണല്ലോ. തീവ്രപരിചരണവിഭാഗത്തിൽ ചക്രശ്വാസം വലിച്ചു കൊണ്ടിരിക്കുന്ന, ഇനിയും മരിക്കാത്തൊരു ഭൂമിയിൽ വീണ്ടുമൊരു പരിസ്ഥിതിദിനം നമ്മളാചരിച്ചു. (കൂടുതലും ഓൺലൈൻ ആയിരുന്നുവെന്ന് മാത്രം).

ആരും ജയിക്കാത്ത യുദ്ധങ്ങൾ എന്തിനൊക്കെയോ വേണ്ടി തീ തുപ്പുമ്പോൾ, കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നതറിയാതെ പരിസ്ഥിതിയെന്ന പ്രപഞ്ചത്തെയും പ്രപഞ്ചമെന്ന ഭൂമിയെയും നമ്മൾ വേദനിപ്പിക്കുന്നുണ്ടോ എന്ന് സംശയം. വെള്ളപ്പൊക്കങ്ങളും കൊടിയ വരൾച്ചകളും വിനാശകാരികളായ ചുഴലിക്കൊടുങ്കാറ്റുകളും കണ്ടുമടുത്ത നമുക്ക് മുന്നിൽ നേരിന്റെ ചില ഉൾക്കാഴ്ചകൾ ഇനിയും തിരിച്ചറിയപ്പെടാതെ കിടപ്പുണ്ട്. ആസന്നമൃതിയിലേയ്ക്കവൾ ചരിക്കുമ്പോൾ അവളോടൊപ്പം സർവജീവജാലങ്ങളും മൃത്യുവരിക്കേണ്ടി വരുമെന്ന ഓർമപ്പെടുത്തലുകളിലേയ്ക്കല്ലേ ഒരു പരിധിവരെ ഈ ദുഃസൂചനകൾ നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത്? ആവനാഴിയിലെ അസ്ത്രങ്ങൾ തീരുമ്പോൾ മാത്രം ചുറ്റും നോക്കി വെപ്രാളംകൊള്ളുന്ന നമ്മുടെയൊക്കെ മുന്നിൽ ഈ പരിസ്ഥിതി ദിനം മാറ്റത്തിന്റെ തിരിവെട്ടമായിരിക്കട്ടെ. ഭൂമിക്കൊരു കുട പിടിയ്ക്കാൻ ജൂൺ 5 മാത്രമല്ല നമുക്കുള്ളതെന്ന തിരിച്ചറിവിൽ വരും തലമുറയ്ക്ക് പ്രകൃതിസംരക്ഷണത്തിലൂടെ സുസ്ഥിരവികസനം സാധ്യമാക്കാൻ നമ്മൾ യുവജനങ്ങൾക്ക് സാധിക്കട്ടെ.

പ്രകൃതിയെ സ്നേഹിച്ചു പരിപാലിച്ച, മറ്റ് ജീവജാലങ്ങളോട് കഥകൾ പറഞ്ഞ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ യുവജനങ്ങളായ നമുക്ക് ഒരു മാറ്റം സമൂഹത്തിനു നൽകാൻ സാധിച്ചില്ലെങ്കിൽ പിന്നെ മറ്റാർക്കാണ് അതിനു സാധിക്കുക?

പ്രപഞ്ചത്തിന്റെ ഇത്തരം ചില ഓർമപ്പെടുത്തലുകൾക്കൊപ്പം നമ്മൾ സാമൂഹിക – പൊതുജീവിതത്തിലും കുറെയേറെ മാറേണ്ടിയിരിക്കുന്നു. മഹാമാരി കൊണ്ടുണ്ടായ മാറ്റങ്ങളിൽ നമ്മുടെ ആത്മീയജീവിതത്തിനും ലേശമെങ്കിലും കോട്ടം തട്ടിയിട്ടുണ്ടെങ്കിൽ അതിനെ ഗൗരവപൂർവ്വം കണ്ടുകൊണ്ട്, കോട്ടങ്ങളെ നേട്ടങ്ങളാക്കുവാൻ നമ്മൾ പരിശ്രമിക്കേണ്ട നാളുകളാണിത്.

ഇനിയും എത്ര നാൾ ഈ ദുരവസ്ഥ തുടരുമെന്ന് പ്രവചിക്കാൻ സാധിക്കാത്തിടത്തോളം കാലം സാഹചര്യങ്ങളെ മനസിലാക്കിയുള്ള പ്രവർത്തനങ്ങളാണ് നമുക്കാവശ്യം. നമ്മളോടൊപ്പം നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെയും പ്രവർത്തനരീതികളിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതിന്റെ തെളിവാണ് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേയ്ക്ക് മാറിയ കൂട്ടായ്മകൾ. കാലത്തിന്റെ ഈ മാറ്റങ്ങൾക്കൊപ്പം നമ്മൾ, ക്രിസ്തുവിന്റെ യുവജനങ്ങളും, മാറിചിന്തിക്കുമ്പോൾ ആത്മീയവീര്യം കെട്ടുപോകാതെ, മികച്ച പ്രവർത്തനശൈലിയിലൂടെ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടായി മാറാൻ കെൽപ്പുള്ളവരാകാം. പ്രാർത്ഥന കൊണ്ട്... വിശ്വാസം കൊണ്ട്... നമ്മൾ എല്ലാത്തിനെയും അതിജീവിക്കും. കാരണം ക്രിസ്തുവിലാണ് നമ്മുടെ രക്ഷ...

**ജിത്ത് ജോൺ ഫ്രാൻസിസ്**
എം.സി.വൈ.എം. പ്രസിഡന്റ്



www.malankaralibrary.com



# വി. മറിയം ത്രേസ്യ

**സിസ്റ്റർ ഡോ. ജർമ്മയിൻ ജേക്കബ് ഡി.എം.**
തിരുവനന്തപുരം മേജർ അതിരൂപത ആനിമേറ്റർ

ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയായ മറിയം ത്രേസ്യാ ഇരിങ്ങാലക്കുടയ്ക്ക് അടുത്ത് പുത്തൻചിറ ഗ്രാമത്തിൽ 1876 ഏപ്രിൽ 26-ന് മകുടിയിൽ കുഞ്ഞിതൊമ്മന്റെയും താണ്ടമ്മയുടെയും മകളായി ജനിച്ചു. ത്രേസ്യ എന്നായിരുന്നു ജ്ഞാനസ്നാനപ്പേരും വിളിപ്പേരും. വലിയ ദാരിദ്ര്യത്തിലായിരുന്നു ത്രേസ്യയുടെ കുടുംബം കഴിഞ്ഞിരുന്നത്. പട്ടിണിയുടെ നടുവിലും പ്രാർത്ഥനയും വിശുദ്ധിയും കൈവിടാതെ ആ കുടുംബം ജീവിച്ചു. ചെറുപ്പംമുതലേ ത്രേസ്യ മഠത്തിൽ ചേരുവാൻ ആഗ്രഹിച്ചിരുന്നു. അഞ്ചാം വയസ്സിൽതന്നെ അവൾ ദൈവത്തിന് തന്നെത്തന്നെ സമർപ്പിച്ചു. പത്താം വയസ്സിൽ കർത്താവിനോട് അവൾ നിത്യകന്യകാത്വം വാഗ്ദാനം ചെയ്തു. പന്ത്രണ്ടാമത്തെ വയസ്സിൽ അവളുടെ അമ്മ മരിക്കുകയും തുടർന്ന് പൂർണ്ണസമയം പ്രാർത്ഥനയിൽ ജീവിക്കുകയും ചെയ്തു. തികഞ്ഞ ജപമാല ഭക്തയായിരുന്ന അവൾ ദിവസവും 153 മണി ജപം ചൊല്ലിയിരുന്നു. ഉപവാസം, പ്രാർത്ഥന എന്നിവയോടൊപ്പം വീടുകൾ തോറും കയറിയിറങ്ങി വൃദ്ധരെയും രോഗികളെയും ത്രേസ്യ പരിചരിച്ചു പോന്നു. ഇടവക പള്ളി, ദിവ്യബലി, ജപമാല, ഇടവക പ്രസംഗം എന്നിവയായിരുന്നു അവളുടെ ആത്മീയതയുടെയും അറിവിന്റെയും സ്രോതസ്. 1902 ൽ ത്രേസ്യ തന്റെ ആത്മീയ ഗുരുവായി വന്ദ്യ ഫാ. ജോസ് വിതയത്തിലിനെ തിരഞ്ഞെടുത്തു. മരണം വരെ അച്ചനായിരുന്നു ത്രേസ്യയുടെ ആത്മീയ ഗുരു. 1904 ൽ ത്രേസ്യ തന്നെ തന്റെ പേരിന്റെ കൂടെ മറിയം എന്ന് കൂടി ചേർത്തു. മാതാവിന്റെ ദർശനങ്ങൾ ത്രേസ്യക്ക് ലഭിച്ചിരുന്നു. അപ്രകാരം മാതാവിന്റെ നിർദ്ദേശപ്രകാരമാണ് മറിയം എന്ന നാമം തന്റെ പേരിനോട് ചേർത്തത് എന്ന് അവൾ പറഞ്ഞിട്ടുണ്ട്. 1905 ഫെബ്രുവരിയിലെ ആദ്യ വെള്ളിയാഴ്ച കർത്താവിന്റെ പീഡാനുഭവ പങ്കാളിത്തം അവൾക്ക് ലഭിച്ചു തുടങ്ങി. ത്രേസ്യയുടെ പ്രാർത്ഥന വഴി രോഗികൾ സൗഖ്യപ്പെടുകയും കുടുംബങ്ങളിൽ അനുഗ്രഹം ലഭിക്കുകയും ചെയ്തതോടെ ത്രേസ്യയുടെ വീട്ടിൽ ആൾത്തിരക്കായി. തുടർന്ന് തൃശ്ശൂർ ജില്ലയിലെ ഒല്ലൂരുള്ള കർമ്മലീത്ത മഠത്തിൽ വിശുദ്ധ എവുപ്രാസ്യയോടൊപ്പം





താമസമാക്കി. എന്നാൽ തന്റെ ദൈവവിളി ആ മഠത്തിലേക്ക് അല്ലെന്ന് ബോധ്യമായ മറിയം ത്രേസ്യ സ്വന്തം ഗ്രാമമായ പുത്തൻചിറയിലേക്ക് തിരിച്ചുപോന്നു.

ആത്മീയ പിതാവായിരുന്ന ഫാദർ ജോസഫ് വിതയത്തിൽ പണിയിച്ചു കൊടുത്ത ഏകാന്ത ഭവനത്തിൽ തന്റെ മൂന്നു കൂട്ടുകാരികൾക്കൊപ്പം താമസം തുടങ്ങി. ഈ കൂട്ടായ്മ ഒരു സന്യാസ സമൂഹത്തിന്റെ രൂപഭാവങ്ങൾ ഉൾക്കൊണ്ടു. 1914 ൽ തൃശ്ശൂർ മെത്രാനായിരുന്ന അഭിവന്ദ്യ ജോൺ മേനാച്ചേരി പിതാവ് ഇവരുടെ ജീവിതരീതിയിൽ സംതൃപ്തനാവുകയും, 'തിരുകുടുംബ സഭ' അഥവാ ഹോളി ഫാമിലി കോൺവെന്റ് എന്ന പുതിയ സന്യാസിനി സമൂഹമായി അംഗീകരിക്കുകയും ചെയ്തു. മദർ സുപ്പീരിയറായി മറിയം ത്രേസ്യ തിരഞ്ഞെടുക്കപ്പെട്ടു. 1926 ജൂൺ 8 ന് അൻപതാമത്തെ വയസ്സിൽ കുഴിക്കാട്ടുശ്ശേരി മഠത്തിൽ വച്ച് മറിയം



ത്രേസ്യ കർത്താവിൽ നിദ്ര പ്രാപിച്ചു. 2000 എപ്രിൽ 9 ന് വാഴ്ത്തപ്പെട്ടവളായും 2019 ഒക്ടോബർ 13 ന് വിശുദ്ധയായും പ്രഖ്യാപിച്ചു.

കുടുംബങ്ങളുടെ കെട്ടുറപ്പിൽ വിശ്വസിച്ചിരുന്ന പ്രവാചകയായിരുന്നു മറിയം ത്രേസ്യ. കുടുംബങ്ങളുടെ പുണ്യവതി എന്ന് അവർ അറിയപ്പെട്ടു. കുടുംബങ്ങൾ വ്യക്തികളെക്കാൾ വേഗത്തിൽ ഒറ്റപ്പെടുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് അവർ ഹോളിഫാമിലി സന്യാസിനി സമൂഹം ആരംഭിക്കുന്നത്. വസൂരിയുടെ കാലത്ത് പ്രാണവേദനയിൽ പിടഞ്ഞിരുന്ന നിരവധി പേർക്ക് മറിയം ത്രേസ്യ ആശ്വാസമായി തീർന്നു. ഹോളി ഫാമിലി കോൺവെന്റ് അക്കാലത്ത് അഗതികളുടെയും രോഗികളുടെയും ശുശ്രൂഷാ ഭവനമായി മാറി. യേശുവിന്റെ തിരുമുറിവുകൾ പ്രാർത്ഥനയിലൂടെ മറിയം ത്രേസ്യ സ്വന്തം ശരീരത്തിൽ ഏറ്റുവാങ്ങിയിരുന്നു. എന്നാൽ അത് പുറംലോകത്തെ അറിയിച്ചിരുന്നില്ല. പ്രവചനം, ദിവ്യവെളിച്ചം, സുഗന്ധ പരിമളം, അന്തരീക്ഷത്തിൽ കൂടി നടക്കുക എന്നീ അത്ഭുത വരങ്ങളും മറിയം ത്രേസ്യക്ക് ഉണ്ടായിരുന്നു.


കുടുംബങ്ങളുടെ മധ്യസ്ഥയാണ് വിശുദ്ധ മറിയം ത്രേസ്യ.



# St. Aloysius Gonzaga

**Selin John**
General Secretary, M.C.Y.M.
Gurgaon Diocese

Aloysius was born on March 9, 1568, into a noble family in Italy. Aloysius' father was a wealthy and famous soldier. His mother was a perfect God-fearing woman. So he learned a lot of prayers from his mother. His father, Aloysius, the army chief, had trained him in martial arts. So his favorite place was the army camp. From there he learned some bad words, but never used them again at his mother's suggestion. Aloysius saw the sin around him and swore that he would never take part in it. He had plenty of opportunities for recreation. Aloysius loved to ride horses and to feast in the palace garden. But the saint withdrew from them, seeing that they were practices which were contrary to morality. Saint was strict and uncompromising in this matter. Gonzalez, one of the noble families of Renaissance Italy, was a family of warriors. St. Aloysius wanted to conquer himself when the whole tribe wanted to conquer others. Aloysius wanted to be a priest. Between the ages of 12 and 13, the saint devised a plan to prepare for his spiritual life. At night, the saint would get out of his bed and kneel down for hours on the cold floor covered with stones. Often the saint would torture himself with the skin of a dog on his body. Aloysius wanted to be a saint in his own will. But it was only when he entered the Jesuit church as a monk that the saint received a spiritual ruler. St. Robert Bellarmine was the saint's spiritual guide. Bellarmine corrected Aloysius' ways of living a holy life, turning Bellarmine's thoughts of self-control and humility into long hours prayers. It was a piece of curved iron, and he chose the spiritual life to change this curve.



The 1590 plague struck Rome and it ravaged thousands of people, bringing horrible fevers that induced delirium, killing mostly men.

Aloysius walked the streets of Rome, begging for alms on behalf of plague victims. He carried dying, abandoned persons into a hospital founded by the Jesuits.

“There he washed and fed the plague victims, preparing them as best as he could to receive the sacraments,” writes Jesuit priest and author James Martin. “But though he threw himself into his tasks, he privately confessed to his spiritual director, Rev. Robert Bellarmine, that his constitution was revolted by the sights and smells of the work; he had to work hard to overcome his physical repulsion.”

When many younger Jesuits became infected with the disease, Aloysius’ superiors prohibited him from coming to the hospital. But he insisted on caring for dying people and soon superiors granted him permission to care for patients at Our Lady of Consolation, a hospital not admitting infected patients.

We easily create romantic notions about caring for the sick; but conditions in Rome were extremely grim. “In August 1590 a plague broke out in Rome. Its impact on the people of Rome was worse than the famous Sack of Rome in 1527,” writes Jesuit priest and history professor emeritus John Patrick Donnelly.

“Rome’s population was about 140,000. By January 1591 it was down by some 23,000 people, mostly victims of the plague. Food was scarce, families often locked themselves in their homes but then fell victim to plague or hunger, their bodies left to rot.”

The young boy who refused to become a powerful soldier fought a bigger war, armed only with deep faith, compassion and determination to answer God’s call. Aloysius stepped into the battle against an enemy impossible to identify until it pulsed with fever and destruction, indiscriminately killing Romans.

Aloysius tended to patients, washing and feeding them. One day he lifted a man out of his bed and cared for him, then put the man back in his hospital bed. The patient was infected with the plague and soon Aloysius fell ill, too. He struggled with feverish pain and coughing.

For three months he remained bedridden, sometimes appearing stronger. Through his prayers, he believed that he would die on the Feast of Corpus Christi, June 21. He struggled to say “Jesus”, as he took his last breath at the age of 23 on June 21, 1591.

Aloysius’ remains rest at St. Ignazio Church in Rome in the Lancellotti Chapel, and each year Gonzaga family members visit the chapel on June 21 to honor him.

Pope Paul V beatified Aloysius Gonzaga (step one to sainthood) in 1605 and Pope Benedict XIII canonized him (official sainthood) in 1726. He was named as a saint of youth, of plague victims and the people who care for them.

“Finding God in a beautiful sunset or the warm smile of a loved one is fairly easy”.To discover God in festering wounds and disease is much harder. St. Aloysius Gonzaga, despite his youth, has taught us to search out God in those who need our help and care. He has taught us to look beyond the external and into the heart and spirit of our fellow humans, where we will find God’s love is alive in everyone.



# മാലാഖാ സദൃശ്യനായ മനുഷ്യൻ

**ജിനു ജോർജ്ജ്**
ജനറൽ സെക്രട്ടറി, എം.സി.വൈ.എം.

മധ്യതിരുവിതാംകൂറിലെ ജനങ്ങൾക്ക് ബഹുവിധ ശുശ്രൂഷകൾ നൽകിക്കൊണ്ട് പരിലസിക്കുന്ന തിരുവല്ലാ അതിരൂപതയുടെ പ്രഥമ അദ്ധ്യക്ഷനായിരുന്നു പുണ്യശ്ലോകനായ കളപ്പുരയ്ക്കൽ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി. ആളും അർത്ഥവും തുലോം തുച്ഛവും എതിരാളികളുടെ എതിർപ്പുകൾ അതിശക്തവുമായിരുന്ന കാലത്ത് നവജാതയായ തിരുവല്ലാ രൂപതയ്ക്ക് അടിസ്ഥാനം ഇടുവാൻ ദൈവത്താൽ നിയുക്തനായത് അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയായിരുന്നു. പരിശുദ്ധ കത്തോലിക്കാ സഭയുടെ കാനോനുകളും സംവിധാനങ്ങളും അധികാരഘടനകളും പ്രവർത്തനശൈലികളും അപരിചിതങ്ങളായിരുന്ന അദ്ദേഹത്തിന് ഈ ദൗത്യം ഏറെ ശ്രമകരമായിരുന്നു. സഭാശാസ്ത്രപരമായും വിശുദ്ധ ഗ്രന്ഥപരമായും ചരിത്രപരമായും യേശുക്രിസ്തു സ്ഥാപിച്ച അപ്പസ്തോലിക കൂട്ടായ്മയുടെ പൂർണത പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവ്വത്രിക സഭയാണ് എന്ന തിരിച്ചറിവാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയോടൊപ്പം പുനരൈക്യ തീരുമാനത്തിൽ ഉറച്ചുനിൽക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനമാണ്' എന്ന തന്റെ ഗുരുവിന്റെ ആത്മീക ദർശനത്തിൽ ഉറച്ചു നിന്നുകൊണ്ട് സഭയെ പണിയുവാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. പ്രബലമായ പല സമുദായങ്ങളുടെയും സഭാവിഭാഗങ്ങളുടെയും ശക്തമായ സാന്നിധ്യവും ഭരണകേന്ദ്രങ്ങളുമുള്ള തിരുവല്ലയിൽ, സേവനമേഖലയിൽ മുൻനിര സ്ഥാനം ഉറപ്പിക്കാൻ തക്ക ശക്തിയും ഊർജ്ജവും നേടാൻ


www.malankaralibrary.com



തിരുവല്ലാ അതിരൂപതയ്ക്ക് സാധ്യമായതിന്റെ രഹസ്യം മാർ തെയോഫിലോസ് മെത്രാപ്പോലീത്ത പാകിയ അടിസ്ഥാനമാണെന്നതിൽ സംശയമില്ല.

പഠിക്കാൻ മിടുക്കനായിരുന്ന കെ.എ. യാക്കോബ്, എം.ഡി. സെമിനാരി ഹൈസ്കൂളിൽ ഉപരിപഠനത്തിനു ചേർന്നു. പ്രിൻസിപ്പലായിരുന്ന എം. എ. അച്ചൻ എന്ന പുണ്യഗുരുവിന്റെ മുറിയിൽ താമസിച്ചുകൊണ്ടുള്ള ഈ പഠനകാലം യാക്കോബിന്റെ ഭക്തിഭാവത്തെ ഉജ്വലമാക്കി. പഠനം കഴിഞ്ഞ് അതേ കലാലയത്തിൽ അദ്ധ്യാപകനായിരിക്കുമ്പോഴും യാക്കോബിന്റെ മനസ്സ് ഗുരുവായ എം. എ. അച്ചൻ അനുവർത്തിച്ചുപോന്ന പരസേവനത്തിന്റെ വഴികളിലായിരുന്നു. സ്വജീവിതത്തിന്റെ മാർഗ്ഗദീപമായി ഉള്ളിൽ പ്രതിഷ്ഠിച്ചുവച്ചിരുന്ന എം. എ. അച്ചൻ സെറാമ്പൂർ സർവകലാശാല പ്രൊഫസറായി യാത്ര തിരിക്കവെ അദ്ധ്യാപന ജോലി രാജിവെച്ച് കൂടെ ഇറങ്ങിത്തിരിക്കുകയായിരുന്നു യാക്കോബും. മലങ്കരയിൽ നിന്നും 20 ൽ പരം യുവാക്കളെ ഉപരിപഠനത്തിനായി സെറാമ്പൂരിലേക്ക് എം. എ. അച്ചൻ കൊണ്ടുപോയെങ്കിലും ആ ശിഷ്യസംഘത്തിൽ എന്തുകൊണ്ടും ഒന്നാമൻ യാക്കോബ് ആയിരുന്നു. സകല സൽകൃത്യങ്ങളിലും മാതൃകയായിരുന്ന യാക്കോബിനെ സർവ്വരും സാക്ഷ്യപ്പെടുത്തിയത് 'മാലാഖ സദൃശ്യനായ ആൾ' എന്നായിരുന്നു. മധുരശബ്ദത്തിനുടമയായിരുന്ന അദ്ദേഹം നേതൃത്വം നൽകിപ്പോന്ന യാമപ്രാർത്ഥനകളും നമസ്കാരങ്ങളും സ്വർഗ്ഗീയ അനുഭൂതി നിറഞ്ഞവയായിരുന്നു.

ജീവിക്കുന്ന വിശുദ്ധനെന്നു പരക്കെ അറിയപ്പെട്ടിരുന്ന തിരുമേനി ചെറുപ്പകാലം മുതലേ പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയും സ്നേഹവും പുലർത്തിയിരുന്നു. അതോടൊപ്പം മറ്റു വിശുദ്ധരുടെ ജീവിതം അദ്ദേഹത്തിന് വിശുദ്ധ ജീവിതം നയിക്കുന്നതിനുള്ള പ്രേരണയും പ്രചോദനവും നൽകിയിരുന്നു. അതിന്റെ വ്യക്തമായ ഉദാഹരണമാണ് തിരുവല്ല രൂപത സ്ഥാപിതമായപ്പോൾ വി. കൊച്ചു ത്രേസ്യായെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരിൽ ഒരാളായി പിതാവ് തെരഞ്ഞെടുത്തത്. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജ്യേഷ്ഠസഹോദരി മദർ ആഗ്നസിനോട് സംസാരിക്കാനും പിതാവിനു സാധിച്ചിട്ടുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുശേഷിപ്പ് അവർ പിതാവിനു സമ്മാനിച്ചു. ലോകത്തിന്റെ പ്രലോഭനങ്ങളെ ഉപേക്ഷിച്ച് ദൈവഹിതം നിറവേറ്റുന്നതിൽ സന്തോഷവും സംതൃപ് തിയും കണ്ടിരുന്ന വിനീത ദാസനായിരുന്നു അഭിവന്ദ്യ തെയോഫിലോസ് പിതാവ്. മലങ്കര സഭയുടെ നവീകരണം ലക്ഷ്യമാക്കി താപസ ജീവിതം നയിക്കാനും പുനരൈക്യ പ്രസ്ഥാനത്തിനായി സർവ്വതും ത്യജിക്കാനും രൂപതയുടെ വളർച്ചയ്ക്കായി അഹോരാത്രം യജ്ഞിക്കാനും പിതാവിനു പ്രേരണ നൽകിയ ശബ്ദം വിശുദ്ധന്മാരിൽ നിന്നും ശ്രവിച്ച വാക്കുകളായിരുന്നു. വിശുദ്ധരിൽ നിന്നും പിതാവ് സമാഹരിച്ച് നമുക്ക് നൽകിയ ജീവിത വിശുദ്ധിയാണ് ഇന്നത്തെ നമ്മുടെ മൂലധനം. 1932ൽ റോമും പാശ്ചാത്യ രാജ്യങ്ങളും സന്ദർശിച്ച വേളയിൽ മാർ തെയോഫിലോസ് പിതാവിനെ അടുത്തറിഞ്ഞവരും ആ ജീവിത വിശുദ്ധിയുടെ പരിമളം ആസ്വദിച്ചവരും അഭിസംബോധന ചെയ്ത വാക്കാണ് 'ജീവിക്കുന്ന വിശുദ്ധൻ' എന്നും 'ദൈവദൂത സമാനനായ ഒരു മനുഷ്യൻ എന്നും. ഈ വാക്കുകൾ അന്വർത്ഥമാക്കിയ പിതാവിന്റെ ജീവിതവിശുദ്ധി നമുക്ക് എപ്പോഴും അനുകരണീയമാണ്.




www.malankaralibrary.com



പുനരൈക്യാനന്തരം തിരുവല്ലാ രൂപത 1932-ൽ രൂപം കൊണ്ടപ്പോൾ അവിടെ നിയമിതനായ തെയോഫിലോസ് പിതാവിന് അരമന ഉണ്ടായിരുന്നില്ല. പരിമിത സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ഒരു വാടക വീട്ടിലാണ് അദ്ദേഹം അന്നു കഴിഞ്ഞിരുന്നത്. എന്നാൽ പിന്നീട് ദൈവം അദ്ദേഹത്തിന് ചൂണ്ടിക്കാട്ടിക്കൊടുത്ത പോറ്റി മഠം വക സ്ഥലവും ചെറുപുഷ്പഗിരിയും മറ്റും വിലയ്ക്കെടുത്ത് തിരുവല്ലാ രൂപതയ്ക്ക് അദ്ദേഹം അടിത്തറയൊരുക്കി. അതിലുപരി, പരിപാവനത്വമുള്ള തന്റെ ജീവിത മാതൃക വഴിയാണ് തിരുമേനി തന്റെ രൂപതയ്ക്ക് വലിയ സംഭാവനകൾ പ്രദാനം ചെയ്തത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ഉത്തമഭക്തനായിരുന്ന പിതാവ് 'മർത്ത മറിയ സംഘം' എന്നൊരു ആത്മീയ മുന്നേറ്റത്തിന് തുടക്കമിട്ടു. എല്ലാ ശനിയാഴ്ചകളിലും ദൈവമാതൃ ധ്യാനങ്ങളോടെയായിരുന്നു പരിപാടികൾ. അതുപോലെ തന്നെ കുട്ടികളുടേതായ ഒരു ആത്മീയ ഗായക സംഘവും പിതാവ് രൂപീകരിച്ചു. സുറിയാനിയിൽ നിന്നും ആരാധനാഗീതങ്ങളും മറ്റും പിതാവ് നല്ല മലയാളത്തിൽ മൊഴിമാറ്റം ചെയ്തു. ഇന്ന് നാം ഉപയോഗിക്കുന്ന ഹാശാഗാനങ്ങൾ അങ്ങനെ ലഭിച്ചവയാണ്. ശ്ലീബാനുഗമനം എന്ന ശീർഷകം നൽകി പിതാവ് കുരിശിന്റെ വഴി എന്നൊരു പുസ്തകവും, രക്ഷണീയ വർഷമായ 1933-ൽ പ്രസിദ്ധീകരിച്ചു. സഹനാർദ്രമായ സ്വന്തം ജീവിതത്തോട് സമരസപ്പെടുത്തിക്കൊണ്ടുള്ള രചനയായിരുന്നു ശ്ലീബാനുഗമനം. തോമസ് അക്കെമ്പിസിന്റെ വിശ്വോത്തരമായ ക്രിസ്താനുകരണം പരിഭാഷയും പിതാവിന്റെ വിലപ്പെട്ട സംഭാവന തന്നെയാണ്.

ആഴമായ ജീവിതവിശുദ്ധിയിലും പ്രാർത്ഥനാ ചൈതന്യത്തിലും തപോനിഷ്ഠയിലും അടിയുറച്ച് ജീവിച്ച മാർ തെയോഫിലോസ് തിരുമേനി, മെത്രാൻ എന്ന നിലയിൽ കർമ്മനിരതമായിരുന്ന കാലഘട്ടത്തേക്കാൾ ഏറെക്കാലം അദ്ദേഹത്തിന് രോഗാവസ്ഥയിൽ കഴിയേണ്ടിവന്നു. സഹനാർദ്രമായ ഒരു താപസ കാലമായിരുന്നു അത്. രോഗാധിക്യത്താൽ ബോധം മറഞ്ഞിരുന്ന വേളകളിൽ പോലും ആ അധരങ്ങൾ സംസാരിച്ചിരുന്നത് സന്യാസത്തെപ്പറ്റിയും ആരാധനയെപ്പറ്റിയുമായിരുന്നു. സഭാതലവൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂടെയിരുന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കവേയാണ് തെയോഫിലോസ് പിതാവ് കാലം ചെയ്തത്. അക്ഷരാർത്ഥത്തിൽ ആടുകൾക്കുവേണ്ടി സ്വജീവനർപ്പിച്ച ആ നല്ലിടയൻ കാലത്തെ അതിജീവിച്ച് മലങ്കരയുടെ തിരുമുറ്റത്ത് നറുനിലാവ് വർഷിച്ചു കൊണ്ടേയിരിക്കുന്നു....





# വന്ദ്യ ചേപ്പാട് ഫിലിപ്പോസ് റമ്പാൻ

**അപർണ ജോയി**
പ്രസിഡന്റ്, എം.സി.വൈ.എം.
തിരുവനന്തപുരം വൈദിക ജില്ല

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രവഴികളിലൂടെ സഞ്ചരിക്കുമ്പോൾ ദൈവസമ്പാദനത്തിനുവേണ്ടി, സഭയ്ക്കുവേണ്ടി ജീവിതം മാറ്റിവച്ച, സഹനങ്ങളെ സന്തോഷങ്ങളാക്കി മാറ്റിയ അനേകം സഭാപിതാക്കന്മാരേയും വിശുദ്ധരേയും കണ്ടെത്തുവാൻ സാധിക്കും.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നെഞ്ചോട് ചേർന്ന് നിൽക്കുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രൽ സന്ദർശിച്ച് ഒരിക്കലെങ്കിലും അനുഗ്രഹം നേടാത്ത ഒരു മലങ്കരക്കാരനും ഉണ്ടാവുകയില്ല. അതിവിശുദ്ധമായ കബർ ചാപ്പലിലൂടെ നടന്നുനീങ്ങിയപ്പോഴെല്ലാം കണ്ടിട്ടും കാണാതെ പോയ ഒരു പക്ഷേ മനസ്സിലാക്കാതെപോയ ഒരു ശ്രേഷ്ഠവ്യക്തിത്വമുണ്ട്.

'ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്' (1 കോറിന്തോസ്15:10) എന്ന് പ്രഘോഷിച്ച വിശുദ്ധ പൗലോസ്, തന്നിൽ ദൈവം നിക്ഷേപിച്ച ദൈവകൃപ ഒരിക്കലും നഷ്ടമാകാതിരിക്കുവാൻ അതീവ ശ്രദ്ധാലുവായിരുന്നു. അപ്രകാരം ദൈവകൃപയാൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശൈശവകാലഘട്ടത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായി പ്രവർത്തിച്ച ധൈര്യശാലിയായ വൈദികശ്രേഷ്ഠനാണ് വന്ദ്യ ചേപ്പാട് ഫിലിപ്പോസ് റമ്പാച്ചൻ. മാർ ഈവാനിയോസ് പിതാവിനോട് ചേർന്നുനിന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സ്നേഹിക്കുകയും വളർത്തുകയും ചെയ്ത മഹാത്മാവ്. അദ്ദേഹത്തിന്റെ മിഷൻ തീക്ഷ്ണതയും പുനരൈക്യാനന്തര ശുശ്രൂഷയും ഏറ്റവും ശ്ലാഘനീയമാണ്.

വഞ്ചിയിൽ ഫിലിപ്പോസ് കൊച്ചുകോശിയുടെ മകനായി 1887 മെയ് 12ന് ജനനം. നിലത്തെഴുത്ത് പഠനത്തിലൂടെ അക്ഷരലോകത്തേക്കു കടന്ന ആ ബാലൻ തന്റെ പിഞ്ചു കൈവിരലുകൾ പിടിച്ച് ആദ്യമായി എഴുതിയത് "യേശുമിശിഹായെ നമഃ" എന്നാണ്. ബാല്യകാലം മുതൽക്കേ ദൈവാനുഭവത്തിലേക്ക് കടന്നുവരുവാനും ദൈവം എന്റെ സ്നേഹ പിതാവാണ് എന്ന യാഥാർത്ഥ്യ ബോധത്തിൽ ജീവിക്കുവാനും കൊച്ച് റമ്പാച്ചന് സാധിച്ചു.

സി.എം.എസ്. സ്കൂൾ, ഗവൺമെന്റ് പ്രൈമറി സ്കൂൾ, ഹരിപ്പാട് ഗവൺമെന്റ് ഇംഗ്ലീഷ് സ്കൂൾ, ഹരിപ്പാട് ഷണ്മുഖ വിലാസം ഹൈസ്കൂൾ, കോട്ടയം എം.ഡി. സെമിനാരി സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പരമകാരുണ്യവാനായ

ദൈവത്തിന് തന്നെ പൂർണമായി സമർപ്പിക്കുവാനും വ്യക്തിപരമായ ജീവിതത്തിൽ ഈശോയെ സ്വന്തമാക്കി മുന്നേറുവാനും കൊച്ചു റമ്പാച്ചൻ മറന്നില്ല. 1908 നവംബർ 22 ന് കോട്ടയം പഴയ സെമിനാരിയിൽ വെച്ച് പൗലോസ് മാർ കൂറിലോസ് തിരുമേനി കോറൂയോ പട്ടം നൽകി. ദൈവത്തോട് സംസാരിക്കുവാനും അവിടുത്തെ ശ്രവിക്കുവാനും ദൈവത്തിൽ ലയിച്ച് ജീവിക്കുവാനും എപ്പോഴും അദ്ദേഹം പ്രയത്നിച്ചു കൊണ്ടേയിരുന്നു. 1912 ൽ അബ്ദദ് മിശിഹാ പാത്രിയർക്കീസിൽ നിന്ന് ശെമ്മാശ പട്ടവും 1916 സെപ്റ്റംബർ 14 ന് കുണ്ടറ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് വൈദിക പട്ടവും സ്വീകരിച്ചു. തുടർന്ന് തന്റെ ജീവിതത്തിൽ സത്യത്തിന്റെ പാത ഏതാണെന്ന തിരിച്ചറിവിനെ തേടിയുള്ള യാത്ര ആയിരുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ പാത പിന്തുടർന്നുകൊണ്ട് സത്യസഭയെ പുൽകണം എന്ന അതിയായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു.

മാർ ഈവാനിയോസ് പിതാവിനോടൊപ്പം ആശ്രമത്തിലായിരുന്ന വേളയിൽ മാതൃസഭയായ യാക്കോബായ സഭയിൽ നിന്നും മെത്രാൻ സ്ഥാനത്തേക്കുള്ള ക്ഷണം അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഒരുവശത്ത് യാക്കോബായ സഭയെ ഭരിക്കുവാനായി മെത്രാനാകാനുള്ള ക്ഷണം, മറുവശത്ത് സത്യസഭയായ കത്തോലിക്കാ സഭയെ പുൽകണമെന്ന തന്റെ ചിരകാല സ്വപ്നം. ഈ രണ്ടിനും മുൻപിൽ ഒരു തെല്ലിട നേരം പോലും പകച്ചു നിൽക്കേണ്ടതായി അദ്ദേഹത്തിന് വന്നില്ല.

'ആശ്രമത്തിൽ നിന്നും പോകണമെന്നോ എപ്പിസ്കോപ്പ സ്ഥാനമേൽക്കണമെന്നോ ആഗ്രഹമുണ്ടോ?' എന്ന മാർ ഈവാനിയോസ് പിതാവിന്റെ ചോദ്യത്തിന് അദ്ദഹം നല്കിയ മറുപടി ഇപ്രകാരമാണ്; 'സ്ഥാനം ഏൽക്കണമെന്നാണ് മനസ്സ്. എന്നാൽ ഞാൻ മെത്രാൻ സ്ഥാനം ഏൽക്കാൻ തുടങ്ങുന്ന അവസരത്തിലായാലും തിരുമേനി കത്തോലിക്കാ സഭയിൽ ചേരുന്നുവെന്ന് കേട്ടാൽ ഉടനെ ചുവന്ന കുപ്പായം താഴെ വച്ചിട്ട് പുനരൈക്യപ്പെടുവാൻ ഞാൻ വരുന്നതായിരിക്കും'.

അങ്ങനെ അദ്ദേഹം ബഥനി ആശ്രമത്തിൽ നിന്നും പരുമലയിലേക്ക് പോയി. 1929 നവംബർ മൂന്നിന് യാക്കോബായ സഭയുടെ മെത്രാനാകുന്നതിനുള്ള ആദ്യത്തെ പടിയായ റമ്പാൻ സ്ഥാനം സ്വീകരിച്ചു. മാർ ദിവന്നാസിയോസ് തിരുമേനിയും യാക്കോബായ സഭയിലെ കാതോലിക്കാബാവായും അനേകം പിതാക്കന്മാരും കത്തോലിക്കാ പുനരൈക്യത്തിൽ നിന്നും പിന്മാറാൻ റമ്പാച്ചനെ സമീപിച്ചു കൊണ്ടേയിരുന്നു.

കത്തോലിക്കാ സഭയിൽ ചേരുന്നത് കഷ്ടപ്പാടാണെന്ന് മറ്റുള്ളവർ തന്നെ നിരുത്സാഹപ്പെടുത്തുമ്പോൾ, 'ക്രിസ്തു നമുക്കുവേണ്ടി സഹിച്ച കഷ്ടതകൾ ഓർക്കുമ്പോൾ നാമെത്ര കഷ്ടത സഹിച്ചാലും അത് സാരമില്ല എന്ന് കരുതണം. ക്രിസ്തുവാണ് പത്രോസിനെ സഭയുടെ തലവനാക്കിയത്. അദ്ദേഹത്തിന്റെ പിൻഗാമിയാണ് മാർപാപ്പ. അദ്ദേഹത്തെ അനുസരിച്ച് നിൽക്കുന്നത് ഒരു കഷ്ടതയും അല്ല' എന്ന് അദ്ദേഹം നിസംശയം വ്യക്തമാക്കുകയുണ്ടായി. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും സത്യസഭയായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാനുള്ള ഉറച്ച ബോധ്യവും ഉത്തമവിശ്വാസവും എപ്പോഴും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

മദ്രാസിൽ പള്ളി നടത്തിപ്പുകാരനായി റമ്പാച്ചനെ നിയമിച്ച വേളയിൽ, അവിടെ വച്ച് പരിചയപ്പെട്ട ജർമൻകാരനായ കത്തോലിക്കാ വൈദികനുമായുള്ള സൗഹൃദവും ഐറിഷ് ട്രൂത്ത് സൊസൈറ്റിയുടെ ഗ്രന്ഥങ്ങളും ലഘുലേഖകളും കത്തോലിക്കാ സഭയെ പറ്റി കൂടുതൽ പഠിക്കുവാനും അറിയുവാനുമുള്ള അവസരം അദ്ദേഹത്തിനു സമ്മാനിച്ചു.

മാർ ഈവാനിയോസ് പിതാവ് പുനരൈക്യപ്പെട്ടതിന്റെ പിറ്റേദിവസം, 1930 സെപ്റ്റംബർ 21 ന് വെണ്ണിക്കുളത്ത് വെച്ച്, പുലിക്കോട്ട് റമ്പാച്ചനും ചേപ്പാട് ഫീലിപ്പോസ് റമ്പാച്ചനും സത്യസഭയായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.





മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ പ്രേക്ഷിത ശുശ്രൂഷകൾക്ക് ഊർജ്ജം പകരുന്നതിനായി വന്ദ്യ റമ്പാച്ചൻ ആരംഭിച്ച പ്രഥമ പ്രസിദ്ധീകരണമായ സത്യസഭാ കാഹളം ആണ് ഇന്ന് തിരുവനന്തപുരം മേജർ അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ക്രൈസ്തവ കാഹളം മാസിക. മലങ്കര കത്തോലിക്കാ സഭയിലെ വിശ്വാസ പരിശീലനത്തിന് വ്യവസ്ഥാപിത രൂപംനൽകിയതും അദ്ദേഹമാണ്.

1939 ൽ വേദോപദേശ പാഠാവലി തയ്യാറാക്കി പ്രസിദ്ധീകരിക്കുവാനും വിശ്വാസ പരിശീലന കളരി ആരംഭിക്കുവാനും അദ്ദേഹം മുന്നിട്ടിറങ്ങി. പുസ്തക രചനയിൽ അദ്ദേഹത്തിന്റെ വളരെ പ്രധാനപ്പെട്ട സംഭാവനയാണ് സുറിയാനി ഭാഷയിൽ നിന്നുള്ളതായ നമ്മുടെ ആരാധനാഗ്രന്ഥങ്ങളുടെ വിവർത്തനം. നോമ്പിലെ പ്രാർത്ഥനകൾ, കഷ്ടാനുഭവ ആഴ്ച്ചയിലെ പ്രാർത്ഥനകൾ, വിവിധ കൂദാശകളുടെ മലയാള വിവർത്തനങ്ങൾ എന്നിവ അദ്ദേഹം തയ്യാറാക്കുകയുണ്ടായി. സുറിയാനി സഭയിൽ ഉപയോഗിച്ചിരുന്നതായ വായനപ്പടി എന്ന പുസ്തകത്തിന്റെ ആദ്യത്തെ മലയാളം വിവർത്തനം റമ്പാച്ചന്റേതാണ്. നമ്മുടെ പള്ളികളിൽ സുവിശേഷ വായനകൾക്കും അതോടൊപ്പം തന്നെ പഴയ നിയമ, പുതിയനിയമ വായനകൾക്കുമുള്ളതായ ഗ്രന്ഥം വായനപ്പടി അനുസരിച്ചാണ് തയ്യാറാക്കിയിരുന്നത്. വായനപ്പടി അനുസരിച്ച് ഓരോ ദിവസത്തേക്കുമുള്ള വായനകൾ കോർത്തിണക്കി 'പ്രതിദിന ധ്യാനങ്ങൾ' എന്ന പേരിൽ ഒരു പുസ്തകവും അദ്ദേഹം രചിച്ചു. 'ക്രിസ്തുവും ക്രിസ്തീയ സഭയും', 'ക്രൈസ്തവ സഭാചരിത്രം', 'നേർവഴികാട്ടി', 'തിരുസഭാചരിത്രം', 'കേരള ക്രൈസ്തവ സഭ', 'കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യം' – എന്നിവ റമ്പാച്ചന്റെ തൂലികയിൽനിന്ന് പുനർജ്ജനിച്ച ഗ്രന്ഥങ്ങളാണ്. പുണ്യപിതാവിന്റെ ആത്മകഥയുടെ പേര് 'പൂർവ കാലസ്മരണകൾ' എന്നാണ്. ചേപ്പാട് ഫീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ജോസഫ് റമ്പാനും ചേർന്ന് രചിച്ച ഗ്രന്ഥമാണ് 'മലങ്കര സഭയുടെ കുഴൽകണ്ണാടി'.

തീക്ഷ്ണതയുള്ള മിഷണറിയായ റമ്പാച്ചൻ, അഞ്ചൽ ആശുപത്രി മന്ദിരം, പുതുശ്ശേരി, മല്ലപ്പള്ളി, നാരങ്ങാനം പള്ളി, വലഞ്ചുഴി പള്ളി, തുമ്പമൺ, പമ്പുമലപ്പള്ളി, തട്ടയിൽ ഇടവക, ഏഴംകുളം ഇടവക, കാരിച്ചാൽ പള്ളി, ചീക്കനാൽ ഇടവക എന്നീ സ്ഥലങ്ങളിലെല്ലാം പോയി പുനരൈക്യത്തെപ്പറ്റിയും കത്തോലിക്കാ സഭയെപ്പറ്റിയും ദൈവവചനത്തെപ്പറ്റിയും പ്രസംഗിക്കുകയും അനേകരെ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുത്തുകയും ചെയ്തു. ചേപ്പാട്ട് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ പോലുള്ള നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹം ആരംഭിച്ചു.

സഭ ഡൊമസ്റ്റിക് പ്രിലേറ്റ് സ്ഥാനം അദ്ദേഹത്തിന് നൽകിയത് 1951 ഏപ്രിൽ 18 നാണ്. ദൈവസ്നേഹത്തിനുവേണ്ടി, സത്യസഭയ്ക്കുവേണ്ടി ജീവിതം മാറ്റിവെച്ച റമ്പാച്ചന്റെ പൗരോഹിത്യ കനക ജൂബിലി ആഘോഷം 1966 സെപ്റ്റംബർ 14 ന് നടത്തപ്പെട്ടു.

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി ഏറ്റവും കൂടുതൽ പ്രസംഗിക്കുകയും എഴുതുകയും ചെയ്ത റമ്പാച്ചൻ 1979 ജൂൺ 24 ന് കാലം ചെയ്തു.

റമ്പാച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാം. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധി തിരിച്ചറിഞ്ഞ് ഇന്നത്തെ തലമുറയ്ക്കും വരും തലമുറയ്ക്കും എന്നും ഓർക്കാവുന്ന, ഓർക്കേണ്ടുന്ന അദ്ദേഹത്തിന്റെ ജീവിതകഥയെ നമുക്കുദ്ധരിക്കാം.


www.malankaralibrary.com



# Through his footprints - *Most. Rev. Geevarghese Mar Timotheos*

**Riya Ros Abraham**

MCYM Unit President
St. Mary's Malankara Catholic Church,
Amayannoor

"Be yourselves like living stone, built upon him, a spiritual house, a holy priesthood, so as to offer up spiritual sacrifices, acceptable to God through Jesus Christ" (1 Peter 2:5). And it has been always like this, following each and every step as said by our Father, to fulfill the life that was given to him. The steps he took to be with the poor and needy, made him to be the man whose life can be pointed as flawless and enhanced himself to a role model to many lives. All these honor and adornment belongs to none other than His Excellency Most Rev. Geevarghese Mar Timotheos. Walking through his path over and over will always be a refinement to one's life.


Geevarghese Mar Timotheos was born on a Friday of February 2nd in 1928 as the eldest to the couple Rev. Fr. Jacob Chundevalel and Mrs. Annamma of the Chundevalel family in a small village called Amayannoor in Kottayam District. Being born to a Christian family, the child was taken to St. Mary's Jacobite Church, Amayannoor and was baptized in the name 'Varkey' and was given the name 'George'. His parents called him 'Sunny' and he grew up with accordance to the verse of Luke 2:52 which points out how Jesus increased in wisdom and stature and in favour with

God and man. Sr. Apollonia SIC, Fr. John Chundevalel, Sr. Jain SIC, Mr. Joy Chundevalel, Dr. Shoshamma Francis were his siblings with whom he grew up. The life he had with all his five siblings is always said to be one that of a blessed life gifted by the Heavenly Father.

George's schooling was done in St. Mary's High School, Kidangoor, Kottayam where he completed his 10th grade. In 1940, Rev. Fr. Abraham Marett (Senior) reunited Rev. Fr. Jacob Chundevalel and his family to the Malankara Catholic Church. Right after the completion of his high school days, George understood and found out that his life is meant to be a servant of God, fullfilling all His commandments and working for the enrichment of the spiritual realm of the God's people. This realization occurred to Georgekutty when he met His Excellency Most Rev. Joseph Mar Severios, who came for the blessing of George's mother parish St. Mary's Malankara Catholic Church, Amayannoor. Talking and spending time with Bishop Mar Severios made Georgekutty realize the fruitful life of being someone very close to God.

Following the realization and understanding that he had about priesthood and with the blessings of Bishop Mar Severios, George joined the Infant Mary's Minor Seminary in Thiruvalla in 1943. He always found himself, spending time in the Chapel of the seminary after the daily Holy Mass, praying and reciting the Rosary. He became more attached to Mother Mary and made Her his first point of contact for all his happiness and sadness.

Right after the World War II, Brother George joined the Major Seminary in 1945. Later he became the President of the Latin Academy of the Seminary. After eight years of studies of Philosophy and Theology in Kandy Seminary in Ceylon (the present Sri Lanka), coming to the fulfillment of his vision and dream, Brother George was ordained as a priest by Bishop Glenin at the same Seminary where he completed his studies on 24th August 1953. In the same year, Fr. George Chundevalel came back to Thiruvalla,



Kerala on December and was appointed as the vicar of Kothamangalam and Nellimattom parishes belonging to the Eparchy of Muvattu puzha for six months. After getting relieved from his first appointment as a vicar, Fr. George came back to St. Mary's Malankara Catholic Church, Amayannoor, his mother parish as assistant vicar to his father Rev. Fr. Jacob Chundevalel and did his services.

While going through his days as a priest, in 1967, Fr. George was appointed as the Rector of the Minor Seminary. During the days in 1963, where he was performing his duties as the vicar, he was sent to the Gregorian University in Rome for higher studies. There he graduated with the certificate of Masters in Spiritual Theology and came back in 1967. He was always praised and admired for his level of knowledge in different areas and for his increased love for God and always chose the path that was right and justified in front of God.



Bishop of the Thiruvalla Archdiocese and that the nomination was approved. This was a major step in his life where the showers of blessings from the Almighty was visible so transparently. Following this declaration from the Pope, on June 26th 1988, standing stern in his mother parish St. Mary's Malankara Catholic Church, Amayannoor, Msgr. George Chundevalel was given the title Ramban by the then Archbishop Most. Rev. Benedict Mar Gregorios in the midst of the most sacred and divine prayers. In the same year, on August 6th, he was given the Bishop title under the rites superintended by Rev. Benedict Mar Gregorios OIC who was the Archbishop of Trivandrum, at St. John's Cathedral Thiruvalla. His principal co-consecrators were Bishop Cyril Mar Baselios OIC and Bishop Paulos Mar Philoxinos. Receiving the name Geevarghese Mar Timotheos, he was appointed as the fifth Bishop of Archdiocese of Thiruvalla on the same day. He also started to live with atmost respect to his motto, the bible phrase - "At thy word I will let down the net."

In the month of June in 1980, Fr. George was appointed as the vicar of St. John's Cathedral in Thiruvalla. While he was serving his duty as a vicar there, he took the initiative of constructing the beautiful St. John's Auditorium. Along with this, a number of other initiatives was taken acco rding to the plans of Fr. George such as the creation of the church's Holy Cross made of stone, concrete sepulchre with forty blocks in the church's cemetery, construction of presbytery and so on. These are only some of the major services that he had done for the church and it's people among the numerous other works. He always tried to stay with the people and always upheld a tending character to the people whoever was in need. On February 16th 1984, Msgr. George Chundevalel was designated as the Vicar General of Thiruvalla Archdiocese.

The next and the most crucial life of his priesthood happened in 1988 May 19th. After the death of Bishop Isaac Mar Yoohanon in March 1987, he was elected as the administrator of the diocese and was offered to the Vatican as a candidate for the episcopal office. It was a Thursday and the Malankara Church received a declaration from Pope St. John Paul II that Msgr. George Chundevalel was then being appointed as

After being named as the fifth Bishop of the Archdiocese of Thiruvalla, not only he did many services to the people as a servant of God but also worked and prayed for the development of the Malankara Catholic Church throughout. Being known for his kind and pleasant gesture also with his avuncular personality towards both his fellow priests and the people around him, he was always a first point of contact to many needy people. Moving forward in both ways - worldly and spiritually, he never forgot to stay at the foot of Mother Mary who guided and blessed him a lot. He ordained nine priests in 1996 April 9 who were eager to follow the footsteps of Lord during his time.Archbishop Mar Timotheos was the principal

consecrator of Archbishop Thomas Mar Koorilos in 1997 July 17th who was appointed as the auxiliary bishop. Archbishop Mar Timotheos was also the principal co-consecrator of Bishop Geevarghese Mar Divannasios in 1997, Bishop Yoohanon Mar Chrysostom in 1998, Bishop Joshua Mar Ignathios in 1998 and Cardinal Archbishop Baselios Cleemis in 2001.

Archbishop Mar Timotheos was appointed as the Secretary of KCBC from 1993 to 1996. He was also appointed as the Vice President of CBCI from 1994 to 2000. Coming to reason on why he was always known as a person who always stood for the needy was because of an incident that took place in the year 1997. It was a time when the Dalits in Christian Community were facing major consequences and sufferings due to the neglection towards their need of basic necessities for living a life. When this problem was found out by Mar Timotheos, he never hesitated to get down to them and fight with them. As a result, Bishop Mar Timotheos was arrested for conducting a strike for the same cause in front of the Parliament Building.It was one of the events that occurred in his life which still remains unforgettable in the minds of the people who looked to him. This event was something that showed how he cared and respected the life given by God and how he is ready to fight for it in the name of Lord.

The time of his office as the Bishop of Thiruvalla is often referred to as the "Golden Period" of Thiruvalla in terms of both material and spiritual growth. It was a time when the Malankara Catholic Church was in its first growth stage and a time where it needed so much nourishment. Understanding all the needs and requirements for it's exponential growth, Mar Timotheos worked many sleepless nights to achieve his goals towards the same. Turning the Pushpagiri Hospital to a Medical College was one of his major works. He also established many old age homes, hospitals and schools in the district of Kottayam, Pathanamthitta and Idukki.

In 2003 March 29, he retired from his official duties and was given the title of Bishop Emeritus



of Thiruvalla. During his rest days, he stayed at Snehasadanam, Pallimala in Thiruvalla. After wards his health condition started worsening that made his stay to be shifted to Pushpagiri Hospital, Thiruvalla for more tending towards his health. Towards his last years, his health had worsened and he was called to eternal rest on 4th June 2019. He was aged 91 years at the time of his death. His mortal body is entombed in St. John's Cathedral, Thiruvalla.

As a son, as a brother and as a shepherd for the people, he was always one's admiration and inspiration at different times. He was the owner of a soul who had no regrets in lending his helping hand to the people who was in need, and always had that heart-calming smile which illuminated his happy and blessed soul. Upholding all the values of a priest, he showed how to handle the matters according to His wishes. He led a remarkable 66 years of priesthood and 31 years of being a bishop which in itself is an unclouded blessing of God Almighty. Let his prayers to our Heavenly Father, staying beside Him, be leading us forward and let it be our protection from all misdeeds.


www.malankaralibrary.com




# കോവിഡും ജീവിതവും

**റോബിൻ ജോസഫ്**
ജനറൽ സെക്രട്ടറി, എം.സി.വൈ.എം.
ബത്തേരി ഭദ്രാസനം

**ലോ**കം നിശബ്ദമാവുകയാണ്. 1918 ൽ ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാനകാലത്ത് ലോകമെമ്പാടും പരന്ന സ്പാനിഷ് ഫ്ളൂ എന്ന മഹാ മാരിക്ക് ശേഷം ഇതാദ്യമായാണ് ലോകം ഇങ്ങനെ ഭയന്നു വിറച്ച് അവനവനിലേക്ക് ചുരുങ്ങുന്നത്. സ്പാനിഷ് ഫ്ളൂവിന്റെ നൂറ്റിരണ്ടാം വർഷമാണ് കോവിഡ് 19 പൊട്ടിപ്പുറപ്പെടുന്നത്. മനുഷ്യനിർമ്മിതമാണ് ഈ ദുരന്തം. ലോകത്തെയാകെ കൊലയാളി വൈറസിന്റെ നീരാളിപ്പിടിത്തത്തിൽ അമർത്തിക്കൊണ്ട് രണ്ടു വർഷക്കാലം കടന്നുപോയി. ഉൽപ്പത്തി മുതൽ പ്രപഞ്ചത്തിലെ മറ്റു ജീവജാലങ്ങളോട് പടവെട്ടിയാണ് മനുഷ്യൻ നിലനിന്നു പോന്നത്. പ്രളയം, സുനാമി, വരൾച്ച, ക്ഷാമം, മഹാമാരികൾ ഇങ്ങനെ പലതിനെയും നാം തോൽപ്പിച്ചിട്ടുണ്ട്. ഇതിനെല്ലാം പ്രാചീന ഗോത്ര വർഗ്ഗക്കാർ മുതൽ ആധുനിക ഭരണാധികാരികൾ വരെ എടുത്ത നിലപാടുകളാണ് എക്കാലത്തെയും ജയപരാജയങ്ങളെ നിർണയിച്ചിരുന്നത്. നൂറ്റാണ്ടിനപ്പുറം കോവിഡ് 19 ഭൂഖണ്ഡങ്ങളെ കീഴടക്കുമ്പോൾ ലോകനേതാക്കളുടെ ഉത്തരവാദിത്വം എത്രയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ജനാധിപത്യത്തിൽ ക്ഷാമം മൂലമുള്ള പട്ടിണി മരണങ്ങൾക്കുള്ള സാധ്യത കുറവായിരിക്കും എന്നു പറഞ്ഞത് നൊബേൽ ജേതാവ് അമർത്യ സെൻ ആണ്. നൂറ്റാണ്ടിന്റെ മഹാമാരിയെ നേരിടുന്നതിൽ പല താല്പര്യങ്ങൾ മുൻനിർത്തി രാഷ്ട്രത്തലവന്മാർ സ്വീകരിച്ച സമീപനമാണ് പതിനായിരക്കണക്കിന് മനുഷ്യരുടെ ജീവൻ നഷ്ടപ്പെടുത്തിയ ഒരു കാരണം.

സുതാര്യവും പക്വതയുള്ളതുമായ ഭരണനയങ്ങൾക്ക് ഈ യുദ്ധഭൂമിയിൽ ഒളിച്ചിരിക്കുന്ന ശത്രുവിനെ തോൽപ്പിക്കാനാവും. ലോകത്തിലെ വൻശക്തി രാജ്യങ്ങളുടെ ജയപരാജയങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടാവണം ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ കോവിഡ് 19 നെതിരെ പോരാട്ടത്തിനിറങ്ങാൻ. കോവിഡ് കേരളത്തിലും രാജ്യത്തും നിർണായക ഘട്ടത്തിലൂടെ കടന്നുപോവുകയാണ്. ഒരു മനുഷ്യൻ മതി ഈ പ്രതിരോധത്തിന്റെ കരുതൽ നശിപ്പിക്കാൻ. ആ ഒരു മനുഷ്യൻ ഞാനാകില്ലെന്ന് നമ്മളോരോരുത്തരും ഉറപ്പിക്കണം.


www.malankaralibrary.com

സ്വയം സുരക്ഷിതരാകുന്നതിനോടൊപ്പം മറ്റു മനുഷ്യരെ അപായത്തിൽ ആക്കാതിരിക്കുക എന്നതാണ് ഇപ്പോൾ മനുഷ്യത്വം. കേൾക്കാൻ കൂട്ടാക്കാത്ത ഓരോ മുന്നറിയിപ്പും പിന്നീട് തിരുത്താനാവാത്ത ഖേദമാകും എന്ന് ഓർക്കുക. ഈ പ്രതിരോധത്തോട് ചേർന്ന് നിൽക്കാൻ മടിക്കുന്ന ആരായാലും അവർ സാമൂഹിക വിരുദ്ധർ എന്ന് പറയാതെ വയ്യ. അടിസ്ഥാന മനുഷ്യാവകാശങ്ങൾപോലും വേണ്ടെന്നുവെച്ച് മനുഷ്യൻ കാത്തിരുന്നത് മനുഷ്യസമൂഹത്തിന്റെ അതിജീവനത്തിനു വേണ്ടി മാത്രമാണ്. പരിചയമില്ലാത്ത ഒരു വൈറസിന് കീഴ്പ്പെട്ടുപോകാതിരിക്കുവാൻ ലോകമെമ്പാടും ഇതുതന്നെയാണ് സംഭവിച്ചത്.



ജനങ്ങൾ എന്തു ചെയ്യണമെന്ന് നിർദ്ദേശങ്ങൾ തലങ്ങും വിലങ്ങും നിർലോഭം പുറത്തിറങ്ങുന്നുണ്ട്. ജനങ്ങൾ അത് പരമാവധി പാലിക്കുന്നുണ്ട്. ആലിംഗനങ്ങളും ഹസ്തദാനങ്ങളും സ്നേഹവാത്സല്യത്തിന്റെ ഒരു പ്രകടനമായിരുന്ന സമൂഹത്തിൽ, പരസ്പരം അകലം പാലിച്ചും ഹസ്തദാനവും ആലിംഗനവും ഒഴിവാക്കിയും കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകിയും മാസ്ക് ധരിച്ചും പുതിയ ജീവിതശൈലിയിലേക്ക് മലയാളിയും ലോകത്തോടൊപ്പം പ്രവേശിക്കപ്പെട്ടു. ഈ ജീവിതശൈലിയോട് പൊരുത്തപ്പെട്ടും നിയന്ത്ര ണങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ഈ മഹാമാരിയെ ചെറുത്തുതോൽപ്പിക്കാൻ ഓരോ മലയാളിയും സന്നദ്ധമായികൊണ്ട് തന്നോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വം നിറവേറ്റിയത് അവനവന്റെ തന്നെ ജീവിതം മാറ്റിനിർത്തിക്കൊണ്ടായിരുന്നു. മൗലിക അവകാശങ്ങൾ പോലും മാറ്റി നിർത്തി ഒരൊറ്റ ജനത എന്ന നിലയിലേക്ക് ഉയരുവാനും ഈ കോവിഡ് കാലഘട്ടം നമ്മെ പഠിപ്പിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആരോഗ്യ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും അംഗീകരിച്ചും നിർദ്ദേശങ്ങൾ പാലിച്ചും ഒരു ജനത ഒരു വൈറസിനെതിരെ പോരാടി. നമ്മുടെ രാജ്യം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയെ നേരിടുകയാണ്. കൊറോണ വൈറസിന്റെ വ്യാപനം തടയാൻ 2020 മാർച്ച് 24 മുതൽ സമ്പൂർണ്ണ അടച്ചിടൽ നടപ്പിലാക്കിയിരുന്നു. പൊതുഗതാഗത മാർഗങ്ങൾ നിർത്തി വെച്ചിരിക്കുന്നു, അന്താരാഷ്ട്ര വിമാന സർവീസുകൾ നിർത്തിവെച്ചിരിക്കുന്നു. ചരക്ക് ഗതാഗതം ഒഴികെയുള്ള ട്രെയിൻ ഗതാഗതമില്ല, അവശ്യസാധനങ്ങൾ ഒഴികെ യുള്ള വ്യാപാര സ്ഥാപനങ്ങളില്ല. എവിടെയാണോ ഉള്ളത് അവിടെ തുടരാനും വീടുകളിൽ നിന്ന് പുറത്തിറങ്ങാതിരിക്കാനുമാണ് ലോക്ക്ഡൗൺ ജനങ്ങളോട് ആവശ്യപ്പെട്ടത്. അടച്ചിട്ടതിന്റെ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമായിരിക്കും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പക്ഷേ, ഇന്ത്യയ്ക്ക് വേറെ വഴിയില്ല. ലോക്ക്ഡൗണിന്റെ അർത്ഥം എല്ലാവർക്കും ഒരുപോലെയല്ല. വീട്ടിൽ നിന്നും പുറത്തിറങ്ങാതെ അടച്ചിരിക്കുന്ന സമയം പുസ്തകവായനയ്ക്കായി, എഴുത്തിനായി ഗുണപരമായി ഉപയോഗിക്കുന്നവരുണ്ട്, പാചക പരീക്ഷണങ്ങൾക്ക് അവസരം കിട്ടിയവരുണ്ട്, സാമൂഹികത നഷ്ടപ്പെട്ടതിന്റെ ശ്വാസംമുട്ടൽ അനുഭവിക്കുന്നവരുണ്ട്, വെറുതെ ഇരിക്കുന്നവരുമുണ്ട്. പക്ഷേ ഒരു പ്രശ്നമുള്ളത് ഇതിനൊക്കെ പറ്റുന്ന പ്രിവിലേജ് ക്ലാസ് മാത്രമല്ല നമ്മുടെ ചുറ്റുമുള്ളത് എന്നുള്ളതാണ്. അന്നന്നത്തെ അന്നം അന്നന്ന് ജോലി ചെയ്ത് സമ്പാദിക്കുന്നവരും ഉണ്ട്. അവർക്ക് ലോക്ക് ഡൗണിന്റെ അർത്ഥം പട്ടിണിയെന്നു കൂടിയാണ്. ഉപജീവനമാർഗ്ഗവും വരുമാനവും നഷ്ടപ്പെട്ടവർക്ക് രോഗം വരുമോ എന്ന ആശങ്കയെക്കാൾ കുട്ടികൾക്ക് എങ്ങനെ ഭക്ഷണം കൊടുക്കും എന്ന ആശങ്കയാണ്. കരുതിയില്ലെങ്കിൽ കോവിഡ് വന്നു മരിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ പട്ടിണി കിടന്നു മരിക്കേണ്ടിവരും എന്നുപറഞ്ഞാൽ ഒട്ടും അതിശയോക്തിപരമല്ല. തെരുവിൽ കച്ചവടം നടത്തുന്നവർക്ക്, ചുമട്ടു തൊഴിലാളികൾക്ക്, ടാക്സി ഡ്രൈവർമാർക്ക്, റിക്ഷാ വലിക്കുന്നവർക്ക്, ഹോട്ടൽ തൊഴിലാളികൾക്ക്, ലോട്ടറി വില്പനക്കാർക്ക് ഒന്നും വർക്ക് ഫ്രം ഹോം പറ്റില്ല. വൈറ്റ് ഷോൾഡർ ജോലിക്കാർക്ക് മാത്രമുള്ള സൗകര്യങ്ങളും ആനുകൂല്യങ്ങളും ഇല്ലാത്തവരുടെ ജീവിതങ്ങൾ കോവിഡ് കാലത്തെ ജീവിതത്തിന്റെ നേർകാഴ്ചകൾ ആയിരുന്നു.

കുടിയേറ്റ തൊഴിലാളികൾ അവരുടെ ഗ്രാമ


www.malankaralibrary.com



ങ്ങളിലേക്ക് മടങ്ങുകയാണ്. പൊതുഗതാഗത മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ കാൽനടയായാണ് പലരും പോകുന്നത്. പലരും വഴിയിൽ കുടുങ്ങുന്നു, ബിസ്ക്കറ്റും അഭയകേന്ദ്രങ്ങളിൽ നിന്ന് കിട്ടിയ ഉച്ചയൂണും കഴിച്ച് നാന്നൂറും അഞ്ഞൂറും കിലോമീറ്ററുകൾ നടക്കുന്ന തൊഴിലാളികളുടെ ദൃശ്യങ്ങളാണ് എങ്ങും. കൈയ്യിൽ ഒന്നുമില്ലാതെയാണ് അവർ മടങ്ങുന്നത്. അവർക്ക് ഇനി യെന്നാണ് തൊഴിലും വരുമാനവും ലഭിക്കുക എന്ന ചോദ്യത്തിന് ആർക്കും ഉത്തരമില്ല. മഹാനഗരങ്ങളുടെ ആഡംബരക്കാഴ്ചക്കപ്പുറം ജീവിക്കുന്ന കുറെ മനുഷ്യരുണ്ട്, ദാരിദ്ര്യം ഭക്ഷിക്കുന്നവർ. രാജ്യവ്യാപകമായ ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതിന് ഒരു ദിവസം മുമ്പ് തന്നെ സമ്പൂർണ്ണമായി അടച്ചു പോയ കേരളം സാമൂഹ്യ സുരക്ഷയ്ക്ക് വലിയ പ്രാധാന്യമാണ് നൽകിയത്. കുടിയേറ്റ തൊഴിലാളികൾക്ക് നേരിടേണ്ടിവന്ന പ്രശ്നങ്ങളും അവരുടെ പലായനവും നേരത്തെ സൂചിപ്പിച്ചല്ലോ. കേരളത്തിൽ മറ്റൊന്നാണ് കഥ. അഥിതി തൊഴിലാളികൾ എന്ന അന്തസ്സുള്ള സംബോധനയിൽ അറിയപ്പെടുന്നവരെ താമസസ്ഥലങ്ങളിൽ നിന്നും പുറത്താക്കിയില്ല പകരം താമസം, ഭക്ഷണം എന്നിവ കൊടുക്കുകയാണ് ചെയ്തത്. സുരക്ഷിതരാണ് അവർ. ഇത്തരമൊരു ആഗോള മഹാമാരി വളരെ അപൂർവമായി മാത്രം വരുന്നതായതുകൊണ്ട് ആദ്യ ഘട്ടത്തിൽ വ്യത്യസ്ത രാജ്യങ്ങൾ വ്യത്യസ്ത രീതിയിലാണ് ഇതിനോട് പ്രതികരിച്ചത്. വ്യാപകമായി ടെസ്റ്റിങ് നടത്തിയും രോഗബാധിതരെ മാറ്റിപ്പാർപ്പിച്ചും ചില രാജ്യങ്ങൾ ഇതിനെ നേരിട്ടു. എന്നാൽ ചില രാജ്യങ്ങൾ അവരുടെ രാജ്യത്തെ മുഴുവനുമായും അടച്ചിട്ടാണ് ഇതിനെ നേരിട്ടത്. സമ്പൂർന്ന ലോക്ക്ഡൗൺ, അർദ്ധലോക്ക്ഡൗൺ എന്നീ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി. ഇതിന്റെ ഫലമായി ലോക ചരിത്രത്തിൽ 1930 കളിലെ സാമ്പത്തിക മാന്ദ്യത്തിന് തുല്യമായ സാമ്പത്തിക തകർച്ച ഉണ്ടായി. ഒളിമ്പിക്സ് ഉൾപ്പെടെയുള്ള നിരവധി കായിക - സാംസ്കാരിക പരിപാടികൾ റദ്ദാക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിലിടങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും മതസ്ഥാപനങ്ങളും അടഞ്ഞു കിടന്നു.

മഹാമാരിയുടെ കാലത്ത് മനുഷ്യവംശം അതിജീവിക്കുവാനുള്ള പോരാട്ടത്തിലാണ്. കെടുതിയുടെ കാലത്ത് നാം കൂടുതൽ മെച്ചപ്പെട്ട മനുഷ്യരാകേണ്ടതുണ്ട്. മനുഷ്യൻ കൂടുതൽ ചുരുങ്ങുകയാണ്. അതിരുകൾക്ക് കട്ടി കൂടുകയാണ്, മതിലുകൾക്ക് ഉയരവും. കോവിഡ് പിടിച്ചുലച്ച തൊഴിൽ മേഖലയിൽ നിന്നും നെടുവീർപ്പുകളാണ് ഉയരുന്നത്. ഭക്ഷ്യക്ഷാമവും തൊഴിലില്ലായ്മയും കൂടുന്നു, കടം പെരുകുന്നു, ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും നടക്കാത്ത അവസ്ഥ. സമൂഹത്തിൽ അസ്വസ്ഥതകളും കുഴപ്പങ്ങളും ഉണ്ടാകുന്നു. ഗാർഹികമായും സാമൂഹികമായും മോശപ്പെട്ട അവസ്ഥയാണ് എല്ലായിടത്തും. ലക്ഷക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലേക്ക് കൂപ്പുകുത്തി വീണു. തൊഴിൽ ജീവിതത്തിൽ ഇരുൾ വീഴുമ്പോൾ അനാഥമാകുന്ന കുടുംബങ്ങളും ഈ മഹാജീവിത നേർക്കാഴ്ച്ചകളിൽ ഒന്നാണ്. മനുഷ്യരിൽ, കൊറോണ വൈറസ് അണുബാധയ്ക്ക് ചികിത്സിക്കാൻ ഒരു മരുന്നും ഇതുവരെ അംഗീകരിച്ചിട്ടില്ല.


ലോകമെമ്പാടും പലതരത്തിലുള്ള ചികിത്സാ പദ്ധതികൾ, മരുന്നുകൾ കണ്ടെത്തിവരുന്നുവെങ്കിലും അവയൊന്നും കൊറോണ വൈറസിനെ തുരത്താൻ ഫലപ്രദമല്ല. സാധ്യതയുള്ള ചികിത്സകളെക്കുറിച്ചുള്ള ഗവേഷണം 2020 ജനുവരിയിൽ ആരംഭിച്ചു, നിരവധി ആന്റിവൈറൽ മരുന്നുകൾ ഇതിനകം ക്ലീനിക്കൽ പരീക്ഷണങ്ങളിലാണ്. പൂർണ്ണമായും പുതിയ മരുന്നുകൾ വികസിപ്പിക്കാൻ 2021 അവസാനംവരെ എടുക്കുമെങ്കിലും, പരീക്ഷിക്കപ്പെടുന്ന നിരവധി മരുന്നുകൾ മറ്റ് ആന്റി വൈറൽമരുന്നുകളുടെ വികസന സൂചനകളായി ഇതിനകം അംഗീകരിച്ചിട്ടുണ്ട്.

ഒറ്റയ്ക്കല്ല, ഒറ്റക്കെട്ടാണ് - ദുരിത കാലത്തെ ഇങ്ങനെയാണ് നാം അതിജീവിക്കുന്നത്. ആരും തിരസ്കരിക്കപ്പെടുന്നില്ല ആരും ഒഴിവാക്കപ്പെടുന്നുമില്ല. കോവിഡിന്റെ മൂന്നാം വരവിൽ മുന്നൊരുക്കങ്ങൾ ഇല്ലാതെ അലംഭാവം കാട്ടിയതിന്റെ ദുരിതം ഇപ്പോൾ നാം അനുഭവിക്കുന്നു. മരണം പറന്നിറങ്ങുകയാണ്. ശ്മശാനങ്ങൾ നിറഞ്ഞു കവിയുകയാണ്. ഇന്ത്യൻ ജനത അനുഭവിക്കുന്ന ദുരിതത്തിന്റെ നേർചിത്രമാണ് ഇത്. ചികിത്സകിട്ടാതെ മരിക്കുന്നവർ, നരകയാതന അനുഭവിക്കുന്നവർ - ഇതാണ് കോവിഡ് മഹാമാരിയുടെ മൂന്നാം വരവിൽ ഇന്ത്യയിലെ ജനജീവിതം. അതിജീവനമാണ് മനുഷ്യന്റെ മുഖമുദ്ര, അതിജീവിക്കുക തന്നെ ചെയ്യണം കാലം ഈ മഹാമാരിയെ...........

# സഭാതലസമിതി

## ജപമാല

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ രോഗ സൗഖ്യത്തിനും പൂർണ്ണ ആരോഗ്യത്തിനുമായി പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തോട് ചേർത്തു വച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.




## അസീസ്സി ഡോക്ടേർസ് ഓൺലൈൻ കൺസൽട്ടേഷൻ


കോവിഡ് 19 മഹാമാരി ലോകം മുഴുവൻ ദുരിതം വിതക്കുന്ന ഈ സാഹചര്യത്തിൽ അപര നിലേക്ക് ഇറങ്ങി ചെല്ലുവാനുള്ള ക്രിസ്തീയമായ വിളിയെ ഉൾകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി. വൈ.എം. സമൂഹത്തിന് കൈത്താങ്ങേകുവാനായി സഭയിലെ വിവിധ രൂപതകളിലെ ഡോക്ടർമാരെ ഒരുമിച്ചുചേർത്ത്, സമൂഹത്തെ ബോധവൽക്കരിക്കുവാനും സഹായി ക്കുവാനുമായി അസീസ്സി ഡോക്ടേർസ് ഓൺലൈൻ കൺസൽട്ടേഷൻ ആരംഭിച്ചു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ ഈ കൺസൽട്ടേഷൻ ഉദ്ഘാടനം ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അറുപതിൽപരം ഡോക്ടർമാർ ഇതിനോടകം ഈ സംരഭത്തിൽ പങ്കാളികളായി.




## ജപമാല

കൊറോണ വൈറസിന്റെ രണ്ടാം തരംഗം അതിരൂക്ഷമായിരിക്കുന്ന ഈ സാഹചര്യത്തിൽ മഹാ





www.malankaralibrary.com

മാരിയെ പ്രതിരോധിക്കാൻ പരിശുദ്ധ അമ്മയുടെ വണക്ക മാസമായ മേയ് മാസത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം ജപമാല മണികൾ ചൊല്ലി പ്രാർത്ഥിച്ചു.

### സഹായകൻ





മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ 2021 മെയ് 16 മുതൽ 22 വരെയുള്ള കാത്തിരിപ്പിന്റെ ദിവസങ്ങളിൽ ജ്ഞാനം, ബുദ്ധി, അറിവ്, ആലോചന, ആത്മശക്തി, ഭക്തി, ദൈവഭയം എന്നീ പരിശുദ്ധാത്മാവിന്റെ 7 ദാനങ്ങളെപ്പറ്റി സഹായകൻ എന്ന പേരിൽ എം.സി.വൈ.എം. യൂട്യൂബ് ചാനലിലൂടെയും ഫേസ്ബുക്ക് പേജിലൂടെയും ആഴമേറിയ ചിന്തകൾ വളരെ ചുരുങ്ങിയ സമയം കൊണ്ട് യുവജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു.

യുവജനങ്ങളെ പരിശുദ്ധാത്മ നൽവരങ്ങളിലേക്കും പെന്തിക്കോസ്തി തിരുനാളിന്റെ അനുഗ്രഹങ്ങളിലേക്കും ഒരുക്കുവാൻ സഹായിച്ചത് തിരുവനന്തപുരം മേജർ അതിഭദ്രാസന അംഗവും, ഇപ്പോൾ പാറശ്ശാല ഭദ്രാസനത്തിലെ ബാലരാമപുരം നസ്രേത്ത് ഹോം സ്കൂളിന്റെ ബർസാറും ബാലരാമപുരം, തെങ്കറക്കോണം ദൈവാലയങ്ങളിൽ വികാരിയുമായി സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട ഷീൻ പാലക്കുഴി അച്ചനാണ്.

കാത്തിരിപ്പിന്റെ 7 ദിവസങ്ങളിലും വീഡിയോ എഡിറ്റിങ്ങിനും പോസ്റ്ററുകൾ ക്രമീകരിക്കുന്നതിനും വേണ്ട സഹായങ്ങൾ നൽകിയത് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ തിരുവനന്തപുരം വൈദിക ജില്ലാ അംഗങ്ങളായ ജിജോ എസ്. ജോയ് (സെന്റ് റീത്താസ് മലങ്കര കത്തോലിക്ക ദൈവാലയം, അരുവിയോട്), ബിബിൻ ജേക്കബ് ( സെന്റ് ആന്റണി മലങ്കര കത്തോലിക്കാ ദൈവാലയം, പോങ്ങുമൂട്) എന്നിവരാണ്.

### മൊബൈൽ ആപ്ലിക്കേഷൻ




മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. സഭാതല സമിതിയുടെ മുൻ ഡയറക്ടർ റവ. ഫാ. തോമസ് കയ്യാലക്കൽ ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷന്റെ ios വേർഷൻ ഔദ്യോഗികമായി പ്രകാശനം ചെയ്തു.

### അസ്സീസി ഓൺലൈൻ കൺസൽട്ടേഷൻ

നമ്മുടെ രാജ്യത്താകമാനം കോവിഡ് 19 ന്റെ ഭീകരമായ വ്യാപനത്തിനു മുമ്പിൽ പകച്ചു നിൽക്കുന്ന സമൂഹത്തെ ബോധവൽക്കരിക്കുവാനും സഹായിക്കുവാനുമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ. എം. ന്റെ നേതൃത്വത്തിൽ അസ്സീസി എന്ന പേരിൽ ഡോക്ടർസ് ഓൺലൈൻ കൺസൽട്ടേഷൻ സംരംഭത്തിന് തുടക്കം കുറിച്ചു.

സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി മേയ് 16 ന് പദ്ധതി ഉദ്ഘാടനം ചെയ്ത് സമൂഹത്തിനായി സമർപ്പിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ അനുഗ്രഹാശംസകളോടെ, സഭയിലെ വിവിധ രൂപതകളിലെ അറുപതിൽ പരം ഡോക്ടർമാരും 30 യുവജന വോളണ്ടിയർമാരും ഒരുമിച്ച് ചേർന്നുകൊണ്ടാണ് ഈ സംരംഭം മുന്നോട്ടു പോകുന്നത്.


www.malankaralibrary.com

അസ്സീസി ഡോക്ടർസ് ഓൺലൈൻ കൺസൽട്ടേഷൻ പത്ത് ദിവസങ്ങൾ പൂർത്തിയായപ്പോൾ 250 ൽ പരം കോവിഡ് രോഗികളുടെ സംശയങ്ങൾക്കും ആശങ്കകൾക്കും ഇതിനോടകം പരിഹാരം നൽകുവാൻ സാധിച്ചു.




## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### ജില്ലാ സമിതി മീറ്റിംഗ്

കോവിഡിന്റെ പശ്ചാത്തലത്തിൽ ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി മെയ് രണ്ടിന് വൈദിക ജില്ലാ ഭാരവാഹികളുടെ മീറ്റിംഗ് ഓൺലൈനായി ക്രമീകരിച്ചു.

### പ്രാർത്ഥനാ ദിനം

കോവിഡിന്റെ പ്രയാസങ്ങളിൽ നിന്ന് ഈ ലോകജനതയെ രക്ഷിക്കുവാനായി വിവിധ വൈദിക ജില്ലകളുടെ നേതൃത്വത്തിൽ മെയ് മാസം 1 മുതൽ 10-ാം തീയതി വരെ നാഥാ ദിനമായി ആചരിച്ചു. ഓരോ ദിവസവും ഓരോ വൈദിക ജില്ലകൾ നേതൃത്വം നൽകി.


### ബ്ലഡ് ഡൊണേഷൻ ക്യാമ്പയിൻ




18 വയസ്സു മുതൽ 45 വയസ്സ് വരെയുള്ളവർ വാക്സിനെടുക്കുമ്പോൾ ബ്ലഡ് ബാങ്കുകളിൽ ഉണ്ടാകാനിടയുള്ള രക്തത്തിന്റെ കുറവ് പരിഹരിക്കാനായി മെയ് മാസം ആദ്യവാരം ബ്ലഡ് ഡൊണേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചു.

### എക്സിക്യൂട്ടീവ് മീറ്റിംഗ്

കോവിഡ്കാല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി മെയ് 11 ന് അതിഭദ്രാസന ഭാരവാഹികളുടെ മീറ്റിംഗ് ഓൺലൈനായി നടത്തി.




www.malankaralibrary.com

### വിലയിരുത്തൽ മീറ്റിംഗ്

കോവിഡ് കാലത്ത് നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാനും ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്താനുമായി വൈദിക ജില്ല പ്രസിഡന്റുമാരുടെ മീറ്റിംഗ് മെയ് മാസം പതിമൂന്നാം തീയതി ക്രമീകരിച്ചു.




### ദിവ്യകാരുണ്യ ആരാധന

കോവിഡ് മൂലം പ്രയാസമനുഭവിക്കുന്നവരെ സ്വർഗ്ഗീയ സന്നിധിയിൽ സമർപ്പിച്ച് മെയ് മാസം ഏഴാം തീയതി 10 മണി മുതൽ 12 മണി വരെ ദിവ്യകാരുണ്യ ആരാധന നടത്തി.

ഓൺലൈനായി നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത് നേതൃത്വം നൽകി.

### Art 2021

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മെയ് 18, 20, 23, 25 തീയതികളിൽ ഓൺലൈനായി നടത്തപ്പെട്ട ആർട്ട് 2021 ട്രെയിനിങ് പ്രോഗ്രാമിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

### മരിയൻ കൗൺസിലിംഗ് ടീം




ശാരീരിക ആരോഗ്യം പോലെ തന്നെ പ്രധാനമാണ് മാനസിക ആരോഗ്യവും. ഈ ലോക്ക് ഡൗൺ നാളുകളിൽ മാനസികമായി എന്തെങ്കിലും പ്രശ്നങ്ങളോ, പിരിമുറുക്കമോ നേരിടുന്നവർക്ക് കൗൺസിലിംഗ് നൽകുക എന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതി ഒരു മരിയൻ കൗൺസിലിംഗ് ടീം രൂപീകരിച്ചു.

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ആനിമേറ്ററും കൗൺസിലറുമായ സിസ്റ്റർ ജർമൻ ജേക്കബ് ഡി.എം. ന്റെ നേതൃത്വത്തിലാണ് മരിയൻ കൗൺസിലിംഗ് ടീം പ്രവർത്തിക്കുന്നത്.

### ബൈബിൾ പാരായണം

വിശുദ്ധ ബൈബിളിനോട് യുവജനങ്ങൾക്ക് ആഭിമുഖ്യം ഉണ്ടാകുന്നതിനായും അതോടൊപ്പം സുവർണ ജൂബിലി വർഷത്തിൽ സമ്പൂർണ ബൈബിൾ പാരായണം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും ഓൺലൈൻ ബൈബിൾ പാരായണത്തിന് പെന്തിക്കോസ്തി ദിനത്തിൽ തുടക്കം കുറിച്ചു.

നിശ്ചിത ബൈബിൾ ഭാഗങ്ങൾ റെക്കോർഡ് ചെയ്ത് യൂട്യൂബ് ചാനൽ വഴി യുവജനങ്ങളിലേക്ക് എത്തിച്ചു.


www.malankaralibrary.com

### പരിശുദ്ധാത്മാവേ ഇറങ്ങി വരണമേ





മെയ് 16 ഞായറാഴ്ച മുതൽ മെയ് 23 പെന്തക്കോസ്തി ഞായറാഴ്ച വരെയുള്ള ഒരാഴ്ചക്കാലം പരിശുദ്ധാത്മ അഭിഷേകത്തിനായി തീക്ഷ്ണമായി പ്രാർത്ഥിക്കുക എന്ന ലക്ഷ്യത്തോടെ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. എല്ലാ ദിവസവും രാവിലെ 7 മണിക്ക് മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത് ദിവ്യബലി അർപ്പിക്കുകയും 9 മണി മുതൽ 2 മണി വരെ ബൈബിൾ പാരായണം ഓൺലൈനായി നടത്തി. തുടർന്ന് വൈകുന്നേരം 7 മണിക്ക് സമാപന പ്രാർത്ഥന നടത്തുകയും ചെയ്തു.

### റാപ്പിഡ് ആക്ഷൻ ടീം

മഹാമാരികൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്താനും സഹായഹസ്തവുമായി മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലാനും അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ നിർദ്ദേശത്താൽ സ്വസ്തി ഫൗണ്ടേഷനുമായി ചേർന്നു 2000 യുവജനങ്ങളെ അണിനിരത്തി റാപ്പിഡ് ആക്ഷൻ ടീം രൂപീകരിച്ചു.


പ്രകൃതി ദുരന്തങ്ങളോ മഹാമാരികളോ ഉണ്ടായാൽ അടിയന്തരമായി ഇടപെടാനും ആവശ്യമായ സഹായങ്ങൾ ചെയ്യാനുമുള്ള വിദഗ്ധപരിശീലനം മെയ് 17, 18 തീയതികളിൽ ഓൺലൈനായി നൽകി.




### അഭിഷേകാഗ്നി

പെന്തിക്കോസ്തി തിരുനാളിന് ഒരുക്കമായി ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ വ്യാഴം, വെള്ളി (മെയ് 20, 21) ദിവസങ്ങളിൽ വൈകുന്നേരം 6 മുതൽ 7 വരെ ഓൺലൈൻ പെന്തിക്കൊസ്തി ഒരുക്കധ്യാനം 'അഭിഷേകാഗ്നി'#p എന്ന പേരിൽ ക്രമീകരിച്ചു.

zoom ആപ്ലിക്കേഷൻ വഴി യുവജനങ്ങൾ ഇതിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.




www.malankaralibrary.com

### മെഡിക്കൽ കിറ്റ്

കോവിഡ് മഹാമാരി രൂക്ഷമായ ഈ സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ആവശ്യമായ മെഡിക്കൽ കിറ്റ് കുറഞ്ഞ വിലയിൽ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

കോവിഡ് പ്രതിരോധത്തിന് ഒരു കുടുംബത്തിന് ആവശ്യമായ അഞ്ച് ഉപകരണങ്ങൾ - പൾസ് ഓക്സിമീറ്റർ, തെർമോമീറ്റർ, വേപൊറൈസർ, അഞ്ച് N 95 മാസ്ക്, 500 ml സാനിറ്റൈസർ അടങ്ങിയ 2000 രൂപയ്ക്ക് മുകളിൽ വിലവരുന്ന കിറ്റ് 1300 രൂപയ്ക്ക് ആവശ്യക്കാർക്ക് ലഭ്യമാക്കി.




## തിരുവല്ല അതിഭദ്രാസനം

### പുതിയ ഡയറക്ടർ

തിരുവല്ല അതിഭദ്രാസനത്തിലെ യുവജന ശുശ്രൂഷയ്ക്ക് കഴിഞ്ഞ 3 വർഷക്കാലം ഉജ്ജ്വലമായി നേതൃത്വം നൽകിയ പ്രിയപ്പെട്ട ഡയറക്ടർ ബഹു. ജേക്കബ് മാത്യു അരീക്കൽ അച്ചന് (റാബിയച്ചൻ)




അതിഭദ്രാസനത്തിലെ എല്ലാ യുവജനസുഹൃത്തുക്കളുടെയും പേരിലുള്ള ഹൃദയപൂർവമായ നന്ദിയും യാത്രാമംഗളങ്ങളും, പുതിയ ഡയറക്ടറായി ചുമതലയേറ്റ എബ്രഹാം തൈപ്പറമ്പിൽ അച്ചന് അതിഭദ്രാസനത്തിലെ എല്ലാ യുവജനങ്ങളുടെയും പേരിലുള്ള സ്വാഗതവും ആശംസകളും നേർന്നു.

### ഒപ്പം





www.malankaralibrary.com

തിരുവല്ല അതിഭദ്രാസന സോഷ്യൽ സർവീസ് സൊസൈറ്റി ബോധനയുടെയും, എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെയും നേതൃത്വത്തിൽ ഒപ്പം എന്ന പേരിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

അതിഭദ്രാസനത്തിലെ 9 മേഖലകളിലെയും കോർ ടീമിന്റെ സഹകരണത്തോടുകൂടി ആയിരിക്കും ഈ പ്രവർത്തനങ്ങൾ നടത്തപ്പെടുക.

പുഷ്പഗിരി മെഡിക്കൽ കോളേജിലെ വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ ടെലിമെഡിക്കൽ സേവനം, മാനസികാരോഗ്യ സംബന്ധമായ കൗൺസിലിംഗ്, ടെലികൗൺസിലിംഗ്, കോവിഡ് മൂലം മരണപ്പെടുന്നവരുടെ മൃതസംസ്കാരം, വാക്സിൻ രജിസ്ട്രേഷൻ ഹെൽപ്പ് ഡെസ്ക്, അടിയന്തര സാഹചര്യങ്ങളിൽ ഉച്ചഭക്ഷണം, കോവിഡ് രോഗികൾക്കോ ഐസൊലേഷനിൽ കഴിയുന്നവർക്കോ അടിയന്തര സാഹചര്യങ്ങളിൽ യാത്ര ചെയ്യുന്നതിന് വാഹനങ്ങൾ എന്നിവയുടെ ക്രമീകരണങ്ങളും നടത്തിവരുന്നു.





## സെമിനാർ

തിരുവല്ല അതിഭദ്രാസനത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 'കോവിഡ്-19 രണ്ടാം തരംഗം-പ്രതിരോധ മാർഗങ്ങൾ' എന്ന വിഷയത്തിൽ ഒരു സെമിനാർ ക്രമീകരിച്ചു.

## For The Renewal Talks

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പെന്തിക്കോസ്തി തിരുനാളിന് യുവജനങ്ങളെ പ്രാർത്ഥനാപൂർവ്വം നവീകരിച്ചു ഒരുക്കുവാൻ അതിഭദ്രാസന യൂട്യൂബ് ചാനൽ വഴി For The Renewal Talks ക്രമീകരിച്ചു. അതിഭദ്രാസന ഡയറക്ടർ എബ്രഹാം തൈപ്പറമ്പിൽ അച്ചൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.




## VISION '21

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അതിഭദ്രാസനത്തിലെ 9 മേഖലകളിൽ ഓൺലൈൻ വഴി സന്ദർശനം നടത്തി.


www.malankaralibrary.com

അതിഭദ്രാസന പുതിയ ഡയറക്ടർ എബ്രഹാം തൈപ്പറമ്പിൽ അച്ചന് മേഖലയുടെ ഭാരവാഹികളെ പരിചയപ്പെടുവാനും അതിഭദ്രാസനത്തിന്റെയും മേഖലയുടെയും വരുംകാല പദ്ധതികൾ മനസ്സിലാക്കുവാനും ചർച്ച ചെയ്യുവാനും വേണ്ടിയാണ് ഈ മീറ്റിംഗ് ക്രമീകരിച്ചത്.




## പത്തനംതിട്ട ഭദ്രാസനം

### MEET THE UNIT




എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി ഭദ്രാസനത്തിലെ മുഴുവൻ യൂണിറ്റുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഭദ്രാസന-ജില്ലാ ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തു.

### കോവിഡ് ഹെൽപ്പ് ഡെസ്ക്

ഇടവകകളിൽ പ്രായമായവർക്ക് ഓൺലൈൻ വഴി വാക്സിൻ ബുക്ക് ചെയ്യുവാൻ പ്രയാസം ഉള്ളതായി കാണുന്നതിനാൽ ഓരോ യൂണിറ്റുകളുടെയും നേതൃത്വത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് അടിയന്തരമായി രൂപീകരിക്കുകയും, ഇത്തരത്തിൽ ബുദ്ധിമുട്ടുള്ള ആളുകളെ സഹായിക്കുവാനുള്ള ക്രമീകരണം നടത്തുകയും ചെയ്തു.




### Fatima Devotion




പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ മാരത്തൺ ജപമാലയോട് ചേർന്ന് പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ fatima devotion അഖണ്ഡ ജപമാല നടത്തി. ഭദ്രാസനത്തിലെ എല്ലാ ജില്ലകളും യൂണിറ്റുകളും ഓരോ ദിവസവും ഈ പ്രാർത്ഥനയിൽ ഭാഗമായി.


www.malankaralibrary.com

## QtUQ 2k21




QഢQ ക്വിസ് 2k21 ക്വിസ് മൽസരത്തിൽ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 50 ൽ ഏറെ മത്സരാർത്ഥികൾ പങ്കെടുത്തു.

## മാവേലിക്കര ഭദ്രാസനം

### നാഥനോടൊപ്പം

എം.സി.വൈ.എം മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസനത്തിലെ യുവജനങ്ങളെയും മാതാപിതാക്കളെയും ഒരുമിച്ച് ചേർത്ത് കൊണ്ട് നാഥനോടൊപ്പം എന്ന ആത്മീയ ശുശ്രൂഷ ഓൺലൈനായി 2021 മേയ് മാസം 17 മുതൽ 22 വരെ നടത്തപ്പെട്ടു. ഭദ്രാസനത്തിലെ വന്ദ്യ വൈദികരും സിസ്റ്റേഴ്സും ശെമ്മാശന്മാരും ഈ ആത്മീയ ശുശ്രൂഷയിൽ ദൈവവചനം പങ്കുവയ്ക്കുകയും കോവിഡ് 19 മഹാമാരി ലോകത്തിൽ നിന്നും മാറിപ്പോകുന്നതിനായി തമ്പുരാന്റെ കരുണയ്ക്കായി അപേക്ഷിച്ചുകൊണ്ട് കരുണ കൊന്തയും വി. കുർബാനയുടെ ആരാധനയും എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ റവ. ഫാ ഡെന്നീസ് മുകുളംപുറത്തിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെടുകയും ചെയ്തു.




## ബത്തേരി ഭദ്രാസനം

### ഓൺലൈൻ Covid 19 ഹെൽപ്പ് ടീം പ്രവർത്തനം ആരംഭിച്ചു.

കോവിഡ് മഹാമാരി രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തെ അതിജീവിക്കുന്നതിനായി എം.സി.വൈ.എം ബത്തേരി രൂപതയുടെ നേതൃത്വത്തിൽ ഒരു ഓൺലൈൻ Covid 19 ഹെൽപ്പ് ടീം പ്രവർത്തനം ആരംഭിച്ചു. Online Clinic, Vaccination Registration, Tele Counselling, Volunteers Protection Kit, Doctors Service തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു.





www.malankaralibrary.com

നാലു വർഷം എം സി വൈ എം ബത്തേരി രൂപത ആനിമേറ്ററായി സേവനമനുഷ്ഠിച്ച സിസ്റ്റർ ജെയിൻ ഫ്രാൻസ് ഡി.എം. ന് യാത്രമംഗളങ്ങൾ നേർന്നു. പുതിയ ആനിമേറ്റർ ആയി സിസ്റ്റർ സലീന മാത്യു ഡി.എം. നിയമിതയായി.







*Design & Layout : Syam Chowara, Nia Graphics TVM. Ph: 9747 044 811*


www.malankaralibrary.com